





# ദേവസ്തോത്രമാല

വള്ളത്തോൾ





Digitized By Kerala Sahitya Akademi

# ഭഗവൽസ്തോത്രമാല



മഹാകവി വള്ളത്തോൾ



പ്രസാധകൻ:

പണ്ഡിതർ ഇ. വി. രാമൻനമ്പൂതിരി

Digitized By Kerala Sahitya Akademi

[ 1–ാം പതിപ്പു് 500 പ്രതി ]

പ്രകാശകർ:

**അലയൻസ് പ്രിൻറിങ് വർക്കു്,**

തിരുവനന്തപുരം.

40559

1951—1126

മാർച്ചു്—മീനം

*All Rights reserved* ]

[ വില രൂപ 1 അണ 4

Digitized By Kerala Sahitya Akademi

# മുഖവുര

മഹാകവി വള്ളത്തോളിനെ ആരുമാക്കും പരിചയപ്പെടുത്തേണ്ടാത്ത നിലയിലായിട്ടുണ്ടല്ലോ. അദ്ദേഹത്തിന്റെ സാഹിത്യവൈഭവവും കവിതാശക്തിയും കലാപ്രചാരണപരിശ്രമവും എല്ലാം, അദ്ദേഹത്തെപ്പോലെതന്നെ സർവ്വലോകപ്രസിദ്ധി നേടിക്കഴിഞ്ഞിട്ടുമുണ്ട്. എങ്കിലും പുസ്തകാകൃതിയിൽ വരാത്ത അസംഖ്യം കൃതികൾ ഇനിയും മാസികാദികളിൽ കിടപ്പാണ്. ആരോ പറഞ്ഞപോലെ, അതിമനോഹരങ്ങളായ മംഗളശ്ലോകങ്ങളും, ചരമകാവ്യങ്ങളും, ഗാനകാവ്യങ്ങളും, സ്തോത്രകാവ്യങ്ങളും മററും അക്കൂട്ടത്തിൽ ഉൾപ്പെടുന്നു. പ്രസാധകന്മാരുടേയും, പ്രകാശകന്മാരുടേയും, ഗവേഷകന്മാരുടേയും മററും ദൃഷ്ടി ആ കൃതിമണ്ഡലത്തിലേയ്ക്ക് എത്താൻ വൈകിയിരിയ്ക്കുന്നു; വളരെ വൈകിയിരിയ്ക്കുന്നു. അവയിൽ സ്തോത്രശാഖയിൽ ഉൾപ്പെട്ടിരിക്കുന്ന ഏതാനും കൃതികളാണ് ഈ പുസ്തകത്തിലെ ഉള്ളടക്കം.

ഈ പുസ്തകത്തിന്റെ ഒടുവിൽ ചേർത്തിട്ടുള്ള ദേവീസ്തവം മാത്രമാണ് വള്ളത്തോൾ അയച്ചുതന്നിട്ടുള്ളത്. മററുള്ളവ മാസികാദികളിൽനിന്നു തിരഞ്ഞെടുത്ത് മഹാകവിയുടെ അനുവാദത്തോടെ ചേർത്തിരിയ്ക്കുകയാണ്. 1080–മുതൽ ഒരു ദശാബ്ദകാലത്തെ കൃതികളാണ് ഇതിൽ ഏറിയകൂറും, പല കാലത്തെ പല നിലവാരങ്ങൾ അനുസരിച്ച് പല സന്ദർഭങ്ങളിൽ എഴുതപ്പെട്ടിരിയ്ക്കുന്ന ഈ കൃതികൾക്ക്, സ്വാദുതയും പല തരത്തിൽ തന്നെയാണ്. പുതുരീതികളേക്കാൾ പഴമ പത്ഥ്യമായിരിയ്ക്കുന്നവക്ക് ഇതധികം രസാവഹവും ആയിരിയ്ക്കും. പരിശീലിച്ചാൽ പുതുമക്കാക്കും രസിയ്ക്കാൻ കഴിയുംതാനും!

Digitized By Kerala Sahitya Akademi

ഒടുക്കത്തെ ദേവീസ്തവംമാത്രം അദ്ദേഹം സൃഷ്ടിക്കാനും അയച്ചുതരാനും കാരണമെന്താണ്? ഉണ്ട്, തക്ക കാരണമുണ്ട്. അത മഹാകവി സൃഷ്ടിച്ചിട്ടുള്ളു; അതേ മനസ്സുവെച്ച് എഴുതിയിട്ടുമുള്ളു. വള്ളത്തോളിനെ മഹാകവിയാക്കിത്തീർത്തതു് ഈ ദേവീസ്തവം തന്നെയാണെന്നു പറയാം.

"വള്ളത്തോളിൻെറ ദേവീസ്തവതതി വെറുതേ മല്ലടിയ്ക്കട്ടെ"

എന്നു് ഒരു കവി, മറ്റൊരു കവിയുടെ കൃതിയ്ക്കു പ്രശംസാപത്രം നൽകിക്കാണുന്നതു്, വസ്തുതയിൽ വള്ളത്തോൾക്കൃതിയുടെ പ്രശംസ തന്നെയാണല്ലോ. വള്ളത്തോൾക്കൃതി മല്ലടിയ്ക്കാറുമില്ല, അടിച്ചാൽ വെറുതെയാവാറുമില്ല. നല്ലൊരു വ്യാഖ്യാനംകൂടി അതിനു വേണ്ടതായിരുന്നു. കൃത്യാന്തരപാരതന്ത്ര്യത്താൽ, എഴുതാൻ സംഗതിയായില്ല. മിയ്ക്കതും 'വിലാസലതിക' യുടെ സൗന്ദര്യവും സാരസ്യവും സൗഭാഗ്യവും ഭംഗ്യന്തരേണ തിങ്ങിനില്ക്കുന്നതാണു് ഈ കൃതി. ദേവീസ്തവത്തിൽ "ഒറവങ്കര രാജ" ൻെറ കൃതികൾക്കു് ഒരന്യാദൃശതയും അഭൗമതയും പറഞ്ഞു വരാറുണ്ടു്. അതല്ലാതെ മറ്റൊന്നുംതന്നെ ഇതിലേ ദേവീസ്തവത്തിനു കിടനില്ക്കാൻ ഭാഷയിലില്ല എന്നാണു് പറയേണ്ടതു്. എന്താണതിനു ഹേതു? വാഗ്ദാസോപനാമകൻെറ ശിഷ്യനും—വള്ളത്തോളും—വാസ്തവത്തിൽ ഒരു ശാക്തോപാസകനാണു്. ആ രഹസ്യം അനന്തരകവികൾ അറിഞ്ഞിരിക്കേണ്ടതുമാണു്. മറ്റുള്ളവർ എത്രയൊക്കെ, എങ്ങനെയൊക്കെ എഴുതിയാലും, "അതിനുമിതിനുമെത്രയുണ്ടു വൈജാത്യം"—എന്നായിപ്പോകുന്നതിനും, ആ രഹസ്യം തന്നെ കാരണം. ആരുമെന്തും പറഞ്ഞുകൊള്ളട്ടെ—വള്ളത്തോളും അദ്ദേഹത്തിൻെറ മഹാകവിത്വവും കയറിക്കയറിത്തന്നെ വരും. നിരൂപകന്മാരും വിമർശകന്മാരുംകൂടി കവിവേഷം കെട്ടിച്ചതല്ല വള്ളത്തോളിനെ. "പൂർവ്വവാസനാഗുണാനുബന്ധിപ്രതിഭാന"ത്തോടുകൂടിയ ഉപാസനയുടെ അദ്ഭുതസിദ്ധി "വിരിഞ്ചിപ്രേയസ്യാസ്തരുണതരശൃംഗാരലഹരീഗഭീരാഭിർവ്വാഗ്ഭിഃ" "സതാം രഞ്ജനം" സാധി

Digitized By Kerala Sahitya Akademi

ച്ചിരിയ്ക്കുന്നതാണ് നാം വള്ളത്തോൾസ്സാഹിത്യത്തിൽ കണ്ടുമുട്ടുന്നതു്. അതാണ് ആ സാഹിത്യം കൈകാര്യം ചെയ്യുമ്പോൾ "പ്രതീയമാനം പുനരന്യദേവ വസ്ത്വസ്തി വാണീഷു മഹാകവീനാം" എന്നു നമ്മെക്കൊണ്ടു സമ്മതിപ്പിച്ചുകളയുന്നതും. അത്തരം വള്ളത്തോൾസ്സാഹിത്യത്തിൽ അഗ്രഗണ്യതവഹിക്കുന്നതും അദ്ഭുതവൈഭവം വിളങ്ങുന്നതുമായ ഇതിലേ ദേവീസ്തവാദികൾ, കവികൾക്കും സഹൃദയന്മാർക്കും ഭക്തന്മാർക്കും വ്യുൽപിൽസുക്കൾക്കും പലതരത്തിൽ പരമോപയോഗിയാണെന്ന് വീണ്ടുംവീണ്ടും ഊന്നിപ്പറയേണ്ടിയിരിയ്ക്കുന്നു. പരീക്ഷിച്ചു നോക്കുവിൻ!

ഒരു പുരുഷാന്തരത്തിലധികം കാലമായിട്ടും, ഇതെല്ലാം ശേഖരിച്ചു പുസ്തകരൂപത്തിലാക്കാൻ ആളുണ്ടായില്ലല്ലോ എന്നോർക്കുമ്പോൾ എനിക്ക് അദ്ഭുതവും വ്യസനവും ഉളവാവുന്നുണ്ടു്. അത്രമാത്രം അന്തരിച്ചുപോയോ കേരളക്കരയുടെ ആസ്തിക്യം! അഥവാ, എനിക്കുവേണ്ടി, കെട്ടിക്കിടന്നതാവാം എന്നു സമാധാനിക്കട്ടെ!

ആശിച്ചിരുന്നതുപോലെയും ആവാവുന്നിടത്തോളവും മുദ്രണസൗഷ്ഠവാദികൾ വരുത്തുവാൻ എനിക്കിടകിട്ടാതെ പോയതിൽ ഖേദമുണ്ടു്. എങ്കിലും, ചിലതെല്ലാം അനുഷ്ഠിച്ചിട്ടുള്ളതു് അനുകരണീയമാണെന്നു വിശ്വസിക്കുന്നുമുണ്ടു്. പോരായ്മകളെല്ലാം അനുഗാമികൾ തീർക്കുമാറാകട്ടെ!

ഇതിൻെറ മുദ്രണ–പ്രകാശനഭാരമേററ 'അലയൻസ്പ്രെസ്' മാനേജർ ശ്രീ. മഹാദേവയ്യരവർകളോടു്, വിശിഷ്യ ഞാൻ കൃതജ്ഞനാണെന്നും പറയട്ടെ.

ബ്രഹ്മവിലാസംമഠം
23–7–1126

പ്രസാധകൻ
പണ്ഡിതർ, ഇ. വി. രാമൻ നമ്പൂതിരി.

Digitized By Kerala Sahitya Akademi

# ശുഭാശംസ

കരിമ്പുവില്ലന്റെ ലസൽകളേബരം
കരിച്ച നെഞ്ഞൂക്ക ചറിച്ചെടുത്തുടൻ
കരിപ്രമാഥിപ്രഭുവേ സ്വയം വശീ-
കരിച്ച കാർവേണി കനിഞ്ഞു കാക്കണം!

പുരുമാധുരികൊണ്ടു പൂർണ്ണമോദം
വരുമാവള്ളധരാമൃതത്തെ നിത്യം
പെരുമാറി വിഷാഗ്നിയെസ്സുധാശ-
പ്പെരുമാളാക്കിയ പെണ്ണു കണ്ണിടട്ടെ!

രുക്ഷാമയപ്പെട്ട പിശാചിന്റെ ശിക്ഷാമന്ത്രം
സാക്ഷാൽ മഹേശന്റെ ധൈര്യവിഭേദയന്ത്രം
ദാക്ഷായണീഭഗവതിയ്ക്കുഴമാക്കടാക്ഷ-
വീക്ഷാലവം വിപുലനന്മ വിതച്ചിടട്ടെ!.

വിശ്വശാന്തിബന്ധു—വള്ളത്തോൾ

Digitized By Kerala Sahitya Akademi



മഹാകവി വള്ളത്തോൾ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ഭഗവൽസ്തോത്രമാല

## വിഷയാനുക്രമണിക

### വൈഷ്ണവപദ്ധതി


| | പേജ് |
|---|---|
| ശ്രീവാസുദേവാഷ്ടകം ഗുരുവായൂരപ്പൻ | 1 |
| ധർമ്മകുലദൈവം | 3 |
| നാരായണാഷ്ടകം | ,, |
| ശ്രീരാമസ്വാമി | 6 |
| ശ്രീഹനുമദഷ്ടകം | ,, |
| ഭക്തമഹാബലി | 9 |
| ഭക്താഗ്രേസരൻ | ,, |


### ശൈവപദ്ധതി


| | |
|---|---|
| ഗണപതി | 10 |
| ശിവസ്തുതി | ,, |
| ദക്ഷിണാമൂർത്തി | 11 |
| മംഗലത്തപ്പൻ | ,, |
| ശൃംഗാരശിവാഭ്യുദയം | 12 |


### ശക്തിപദ്ധതി


| | |
|---|---|
| അംബാസ്തവം | 14 |
| വാഗ്ദേവിസ്തവം | 16 |
| മധുരമൊഴി | 18 |
| ശ്രീപാർവ്വതീദശകം—സമ്പൽപ്രദസ്തോത്രം | 19 |
| ഭദ്രകാളീസ്തവം | 21 |
| ദേവീസ്തവം | 23 |
| സൌന്ദര്യപ്രശംസ | ,, |
| വിക്രമപ്രശംസ | 24 |
| പാദപ്രശംസ | 26 |


Digitized By Kerala Sahitya Akademi

| | പേജ് |
|---|---|
| മഹിമാതിശയം | 30 |
| മന്ത്രമാഹാത്മ്യം | 32 |
| സ്വവനപ്രശംസ | 33 |
| അനുകമ്പാതിശയപ്രശംസ | 39 |
| ജ്ഞാനപ്രശംസ | 40 |
| സൌഭാഗ്യപ്രശംസ | 41 |
| സമ്പൽപ്രാൎത്ഥനം | ,, |
| ഐശ്വൎയ്യദാതൃത്വം | ,, |
| അനുഗ്രഹാശംസ | 43 |
| ശ്രീവിദ്യാമുക്തിദാതൃത്വം | ,, |
| പാപനിവേദനം | 44 |
| രക്ഷണപ്രാൎത്ഥനം | 45 |
| താപശമനപ്രാൎത്ഥനം | 47 |
| കാരുണ്യാശംസ | 49 |
| രോഗശമനപ്രാൎത്ഥനം | 50 |
| സമ്പൽപ്രാൎത്ഥനം | 51 |
| കവിതാശംസ | ,, |
| മൃത്യുഭയനിവേദനം | 52 |
| വൈരാഗ്യാശംസ | 53 |
| മനസ്സാന്നിദ്ധ്യാശംസ | 55 |
| ധ്യാനപ്രാൎത്ഥനം | 57 |
| ആനന്ദനൃത്തപ്രാൎത്ഥനം | ,, |
| ഭക്ത്യാശംസ | 59 |
| നിത്യനമസ്കാരം | 61 |
| കവിതാപ്രാൎത്ഥനം | 62 |


Digitized By Kerala Sahitya Akademi

# ഭഗവൽസ്തോത്രമാല

(വള്ളത്തോൾ)



വൈഷ്ണവപദ്ധതി:

## ൧. ശ്രീവാസുദേവാഷ്ടകം — ഗുരുവായൂരപ്പൻ

'ശ്രീ' വാസുദേവ! ഗുരുവായുപുരേശ ! നിന്റെ -
സേവാരസത്തിലധികം സുഖമെന്തിരിപ്പൂ ?
ആ വാസവാദിസുരരും പണിയുന്നു, മുക്തി -
യ്ക്കാവാസമാം തവ കഴല്ക്കു, വഴക്കു തീരാൻ ! ൧

'വാ' മാക്ഷിമാരിടയനാരികളോമനിച്ച
കാമാവമാനകരമാം തവ ദിവ്യരൂപം ,
പൂമാനിനീശ! പുരുകൗതുകമോട്ടമഞ്ച -
ദ്രോമാഞ്ചകഞ്ചുകമണിഞ്ഞിവനെന്നു കാണും ? ൨

'സു' വ്യക്തമായ് സ്സുരവരാനുജ! സൂക്ഷ്മമാം നിൻ -
ദിവ്യസ്വരൂപമിതുദിയ്ക്കണമെൻമനസ്സിൽ ;
ഭവ്യം ഭവിയ്ക്കുവതിനങ്ങതുതന്നെ പോരും ;
ദ്രവ്യം തുടങ്ങിയതനർത്ഥനിമിത്തമത്രേ ! ൩

Digitized By Kerala Sahitya Akademi

'ദേ' വത്വമെന്തിന, തുമസ്ഥിരമാണു, വാസു -
ദേവ! ത്വദംഘ്രിപരിചാരകനാകുമെങ്കൽ ,
കൈവല്യലക്ഷ്മി കളിയാടുവതിന്നു ചെന്തൃ -
ക്കൈവല്ലികൊണ്ടുടനനുഗ്രഹമേകണം നീ ! ൪

'വാ' താലയേശ! വസുദേവകുമാര! മാര -
ജേതാവിനും ജയദമാകിയ നിൻപാദാബ്ജം ,
പ്രേതാധിപൻ പ്രകടകോപമൊടാഞ്ഞടുക്കും -
പോതാസ്ഥയോട്ടു മമ ചേതസി തോന്നിടേണം ! ൫

'യ' ന്താവുതൻ വടിവെടുത്തടരിങ്കൽ നീ, കാൽ -
ച്ചെന്താരണഞ്ഞ വിജയന്നു ജയം വരുത്തി ;
എന്താചരിച്ചുമൊരു നന്മ നജാശ്രിതന്മാ -
ക്കെന്താമരേക്ഷണ ! ഭവാനുളവാക്കുമല്ലോ ! ൬

'ന' ന്ദന്റെ നന്ദന ! നവാംബുദവർണ്ണ ! പൂർണ്ണാ -
നന്ദസ്വരൂപ ! തവ നാമജപത്തൊടെന്നും ,
മന്ദസ്മിതാമൃതമൊലിപ്പൊരു നിന്മുഖാര -
വിന്ദം നിനച്ചു മരുവാനിടയാകണം മേ ! ൭

'മ' സ്താധിരോപിതകരാഞ്ജലി ഞാനിതൊന്നി -
ന്നസ്താവലേപമവിടുത്തൊടുണർത്തിടുന്നു ;
വിസ്താരമുള്ള വിഷയക്കുഴി വിട്ടുപോരാൻ
ഹസ്താവലംബമരുളുകെൻ ' ഗുരുഗേഹനാഥ ! ' ൮

Digitized By Kerala Sahitya Akademi

൮. ധർമ്മകുലദൈവം

നിർമ്മത്സരാശയമനീഹതയോടഹിംസാ -
കർമ്മസ്ഥിരാമൃഷികൾ മാത്രമറിഞ്ഞതായും ,
ശർമ്മച്ചെടിയ്ക്കു നെടുതാം മുരടായുമുള്ള
ധർമ്മത്തെ നമ്മൾ കുലദൈവതമാക്കിടേണം !!

---

## ൯. നാരായണാഷ്ടകം

'ഓ' കാരാബ്ജമരന്ദമേ ! മുനിമനോ -
ഭൃംഗവ്രജങ്ങൾക്കു നൽ -
പ്പൂങ്കാവേ ! പുരുഷാരനപ്പരിഷയാം
വേനൽക്കു കാലാഭ്രമേ !
തേർകാൽക്കൂപ്പിനവാണിമാക്കൊരു
മുടിക്കല്ലായ പൂമങ്കയാൾ
താൻ കാമിച്ചു വളർത്ത പുണ്യതരുവിൻ -
കായേ ! വണങ്ങുന്നു ഞാൻ . ൧

'ന്' നായിട്ടു ഭുജിയ്ക്കിലൈഹികസുഖം
നിസ്സാരമെന്നെങ്കിലും
തന്നാൽ തന്നു ; ജഗത്തിലീയൊരു നില -
യ്ക്കുണ്ടീശ്വരന്മാർ പലർ ;
എന്നാലെൻ തിരുമേനിയോ പടുദയാ -
വേശാൽ പരാനന്ദമാ -
കുന്നാത്മാവിനെയും സ്വഭക്തന്നു കൊടു -
ത്തിടുന്നവല്ലോ ഹരേ ! ൨

Digitized By Kerala Sahitya Akademi

'മോ'ഹം ചേതസി വിശ്വമോഹനതനോ !
നിൻമായ നിർമ്മിയ്ക്കയാൽ
ദേഹം നിത്യമിതെന്നുറച്ചു, ദയിതാ -
പുത്രാദിവസ്തുക്കളിൽ
സ്നേഹം മൂത്തനിശം കിടന്നുഴലുമീ -
മട്ടൊക്കെ മാറി ക്രമാൽ
സോഹംബുദ്ധി ഭവിയ്ക്കണം മമ ഭവൽ -
കാരുണ്യപൂരത്തിനാൽ ! ൨

'നാ'ംതോറും നളിനാക്ഷ ! നാന്മറ മറ -
യ്ക്കാതുന്ന ധാതാവിനും,
നേർതോന്നും മുനികൾക്ക മുഖ്യഗുരുവാ -
യ് മേവുന്ന സർവജ്ഞനും,
ചേതോമോഹമിടയ്ക്കിടയ്ക്കരുൾവതാ -
യാരും ഗ്രഹിയ്ക്കാത്തതാ -
മേതോ നിൻമറിമായമാണു, ലകിലി -
ക്കാണുന്ന കോപ്പൊക്കെയും. ൪

'രാ' ജാവിന്നുമകിഞ്ചനന്നു,മറിവു -
ള്ളാൾക്കും മഹാമൂഢനും,
പൂജാർഹദ്വിജനും വെറും പറയനും,
സ്വസ്ഥന്നുമസ്വസ്ഥനും,
ശ്രീജാനേ! ദൃഢമൈഹികേച്ഛയൊരുപോ -
ലുന്നിച്ചുകാണുന്നു ; നി -
വ്യാജാശ്ചര്യവിധായകം ഹഹഹ ! നിൻ -
മായാവിലാസോദയം ! ൫

Digitized By Kerala Sahitya Akademi

'യ' ന്താവാണുലകത്തിനാസകലമെ -
    ന്നാലും കിരീടിയ്ക്കു നീ
യന്താവായി, യമാത്മജൻ പറകയാൽ
    കൈക്കൊണ്ടു ദൗത്യത്തെയും;
ചെന്താർമാനിനിതൻ വിലാസനിലമേ!
    ഭക്തർക്കു ഭവ്യത്തിനാ -
യെന്താണാചരിയാത്തതൊത്തകരുണൻ
    ഭക്താനുരക്തൻ ഭവാൻ? ൫

'ഞാ'ന്തം നിൻ തിരുനാമമൊന്നു തനയ -
    പ്പേരാക്കി നാരായണ!
സ്വാന്തത്തിൽ ഭയമോടുരച്ചതുവശാൽ
    പാപം നശിച്ചാദ്വിജൻ,
ശാന്തന്മാരണയുന്ന ശാശ്വതപദം
    പ്രാപിച്ചുപോൽ പണ്ടി, ത -
ച്ഛ്രാന്തശ്രദ്ധമുരുക്കഴിയ്ക്കുമവനോ
    പിന്നെക്കഥിയ്ക്കേണമോ? ൬

'യ' ക്ഷാധീശ്വരപട്ടമോ, മഹിതമാം -
    സ്വാരാജ്യസാമ്രാജ്യമോ,
ത്ര്യക്ഷാദിത്രിദശാധികാരനിലയോ
    വേണ്ടാ നമുക്കെൻ വിഭോ!
ലക്ഷാദിത്യസമാനമായൊരനഘ -
    ജ്ജ്യോതിസ്സു ചിന്നുന്ന നി -
ന്നക്ഷാമാദ്ഭുതചിൽസ്വരൂപമകമേ
    കാണായ്വരേണം, സദാ! ൭

൮. ശ്രീരാമസ്വാമി

ഘോരംവണ്ണം നടത്താനൊരു ജനഹിത-
നഗ്നഭാകി, ലൂടററ കാട-
ന്മാരും ലോകോപകാരത്തൊഴിലിൽ
വിരുതരാമെന്നു കാട്ടിക്കൊടുപ്പാൻ,
പാരുൾതോഷിയ്ക്കെ, രക്ഷോഹതി വനചരരെ-
ക്കൊണ്ടു ചെയ്യിച്ച സാക്ഷാൽ
ചാരുശ്രീ രാമചന്ദ്രൻ തിരുവടി കുശലം
നാൾക്കുനാൾ നൽകിടട്ടേ!

---

## ൯. ശ്രീഹനുമദഷ്ടകം

സാമർത്ഥ്യം മന്ത്രതന്ത്രങ്ങളിലുടയ മഹാ-
ബ്രാഹ്മണാഗ്രേസരന്മാ,—
രാമട്ടിൽ പണ്ഡിതന്മാർ, കവികൾ, കര-
ളുറപ്പുള്ള കയ്യാങ്കളിക്കാർ
കേമന്മാരാം നടന്മാരിവരുടെ ജ-
നിഭൂവാക"മാലത്തിയ്യൂരേ" -
ഗ്രാമം രക്ഷിച്ചുകൊണ്ടങ്ങനിശമരു-
ളിടും ശ്രീഹനുമാൻ സഹായം! ൧

"വള്ളത്തോൾക്കോന്തുമേനോനവർകൾ" സചി-
വനായ് നിന്ന വെട്ടത്തു രാജാ-
വുള്ളത്തിൽ പ്രീതി നാട്ടാക്കിയലിന നി-
ലയിൽ കാത്തകാലം വിശേഷാൽ,
വെള്ളത്താർമങ്ക ക്രുതഗാടിന ധരയി-
ലകപ്പെട്ടൊരാലത്തിയ്യൂരെ-
ന്നുള്ളസ്സദ്ഗ്രാമമാണ്ടോരഗണിതഗു-
ണനാം ശ്രീഹനുമാൻ സഹായം! ൨

Digitized By Kerala Sahitya Akademi

കാലേ കാകുൽസ്ഥദേവന്നിയലിന ക
നിവാലാശ്ശു തെക്കേസ്സമുദ്രം -
പോലേ സംസാരമെന്നുള്ളൊരു നെടു -
കടലും ഹന്ത ! പിന്നിട്ടു കേറി
മാലേകീടുന്ന നക്തഞ്ചരപടലി -
യെയും കാമലോഭാദിയേയും
ചാലേ വെന്നൊന്നടങ്ങീടിന ചതുര -
തരൻ ശ്രീഹനുമാൻ സഹായം ! ൩

വൃക്ഷംതോറും മദാപൂർണ്ണങ്ങളുകളിള -
കുമാ രാവണൻതൻ കളിത്തോ -
പ്പുക്ഷയ്യാടോപമോടേ ഝടിതി പൊടി -
പെടുത്തിട്ടതിൽ പുഷ്ടരോഷം
രക്ഷസ്സൈന്യത്തൊടൊത്തേറെറാരു പടയ -
ടവിൽ ദക്ഷനാമക്ഷനെ തൻ -
കക്ഷംതാക്കി ക്കശക്കീടിന കടുബ -
ലനാം ശ്രീഹനുമാൻ സഹായം ! ൪

ആ ലങ്കാതോരണത്തിൻ മുകളിലു
മവനീമങ്കതൻ കാക്കലും, ഭ്രൂ -
പാലപ്പൂണ്പാം കിരീടിയ്ക്കുടയ കൊടി -
മരത്തിങ്കലും വാണപോലെ
കാലൻപിൽ കൈതൊഴുന്നോരുടെ കര -
ളില്ല , മാക്കാദളത്തോപ്പിലും ന -
ല്ലാലത്തൂരഗ്രഹാരത്തിലുമടിയ -
രുള്ളം ശ്രീഹനുമാൻ സഹായം ! ൫

Digitized By Kerala Sahitya Akademi

സീതയ്ക്കുണ്ടായിരുന്നാക്കദനമ -
ഹനനെ ത്താനെടുത്താകെ വിശി
സ്വാതന്ത്ര്യത്തോടു ലങ്കാപുരി മുഴുവ -
നെയും ചുട്ടുപൊട്ടിച്ചു ദസ്യം
മൈതങ്കം തൻ ഭുജാവിക്രമവിപുല -
യശോരാശിയാണെന്നമർത്ത്യ -
വ്രാതത്താലേറെ വാഴ്ത്തപ്പെട്ടമനില -
സുതൻ ശ്രീഹനൂമാൻ സഹായം ! ൬

ശ്രീമൽസൂര്യന്നു ശിഷ്യൻ , പവനന്നു ത -
നയൻ , സൂര്യപുത്രന്നമാത്യൻ ,
രാമസ്വാമിയ്ക്കു ദൂതൻ , ജനകത -
നുജയാശോകാമയം തീർത്ത വൈദ്യൻ ,
ഭീമന്നണ്ണൻ , നിശാടർക്കകരുണ -
തരനാം കാല , നാലത്തിയൂരെ -
ഗ്രാമത്തിന്നുററ ദൈവം , ശ്രിതസുര -
തരുവാ ശ്രീഹനൂമാൻ സഹായം ! ൭

ആരും വാഴ്ത്തുന്ന മേധാബല, മതുല -
വചോഭംഗി , വിത്തേശനുററം -
തീരും സമ്പത്തു മുമ്പായവ തടവിന
നൽക്കേരളബ്രാഹ്മണന്മാർ
ചാരുത്വം ചേർത്തു കാലോചിതമിഹ
നിജസത്വോന്നതിയ്ക്കായ് നടത്തി -
പ്പോരും കർമ്മാവലിയ്ക്കും പെരിയ സുകൃ -
തിയാം ശ്രീഹനൂമാൻ സഹായം ! ൮

Digitized By Kerala Sahitya Akademi

൩. **ഭക്തമഹാബലി**

തുമഞ്ഞപ്പട്ടുപോലാമഴകിയ വിളനെൽ-
 കൊണ്ടു മൂടിക്കിടക്ക-
ന്നോമൽപ്പാടങ്ങൾ തോറും പാദനളിനയുഗം
 വച്ചുകൊണ്ടിപ്പൂപോലെ,
രാമബ്രഹ്മർഷി നിർമ്മിച്ചുതളിയ പുതുവി-
 ണ്ണായ നാടൊന്നു കാണ്മാൻ
ക്ഷേമത്തോടെത്തിടും 'മാബലി' തരിക
 സമുത്തുങ്ഗമാം മങ്ഗളത്തെ !!

൪. **ഭക്തവൃകോദരൻ**

ആ മട്ടാഹവരങ്ഗമുഖ്യനടിയായ്,
 ത്രൈസ്ഥകചക്രാഹ്വയ-
ഗ്രാമത്തിന്നു ബകോഗ്രബാധ കളവാൻ
 നന്മാന്ത്രികച്ചൂരലായ്,
ശ്രീമൽപാണ്ഡവർതൻ ജയദപിപവര-
 ന്നാളാനമായ്, പ്പാർഷതി-
യ്ക്കോമൽട്ടാസിയുമാം വൃകോദരഗദ-
 യ്ക്കുവ്യാഘാതം മംഗളം !!

൫. **ശ്രീജനകാദിസഹായപ്രാർത്ഥനം**

ശ്രീവരൻ, കൃഷ്ണൻ, ഭീമസേനനും,
ശ്രീപാർവ്വതീശഗണേശൻ കേശവനും,
ശ്രീകൃഷ്ണനോടീ ഭൂഷസാരം ചേരും-
തിരുമിഴിയൊന്നേകിത്തുണേയ്ക്കണമേ !

---



Digitized By Kerala Sahitya Akademi

## ശൈവ പദ്ധതി

### ൧. ഗണപതി—സരസ്വതി

കരിമുഖനാം ശ്രീഗണനാഥൻ താനും,
കരിമുകിൽനേർവേണിയാം വാണിയാളും,
കരകവിയും കാരുണ്യമോടുമെൻെറ
കരളിലകം പുക്കു കളിച്ചീടേണം!

### ൨. ശിവസ്തുതി

'മാടാ'ണാവാസവും വാഹവുമെവനെ,വനാം-
ഭക്തിയുള്ളോർക്കു ലോഭം-
കൂടാതേകുന്നതും തൻതിരുവപുഷി ധരി-
യ്ക്കുന്നതും 'ഭൂതി' തന്നെ,
ചൂടാനും മൂർദ്ധ്നി, വിദ്യാധരസുരമുനിസി-
ദ്ധർ വർണ്ണിച്ചു വാഴ്ത്തി-
പ്പാടാനും 'വെണ്മയുള്ളപ്പുകഴ്' ദേവനാ-
രായവൻ താൻ സഹായം!! ൧

ഉരുത്തിങ്ങും കപൂരകന കങ്കമപടീരാദ്യ-
മെന്തെ മൂർദ്ധാവിലു-
ള്ളത്തിങ്കൾക്കലതൻ തെളിഞ്ഞ കളിർനീ-
രാലിട്ടു ചാലിച്ചുടൻ
വൃത്തിയ്ക്കൊത്തു പലേതരത്തിലഗജാ-
വക്ഷോജകംഭങ്ങളിൽ
പത്തിക്കീറെഴുതുന്ന പാണിമലരാൽ
രക്ഷിച്ചം തരട്ടെ ഹരൻ!! ൨

Digitized By Kerala Sahitya Akademi

4055

മെയ്ക്കൊപ്പാം പാമ്പൊടേല്ക്കും മകനുടെ
    മയി,ലാ കയ്യിലുള്ളോരു മാനിൻ-
നേർക്കോടിച്ചെല്ലുമോമൽപ്പനിമലമകൾ-
    ത്തോളിലേറുന്ന സിംഹം,
വാക്കോരോന്നായ്പ്പുലമ്പും കറയൊടഗജയും
    ഗംഗയും തമ്മി, ലീമ-
ട്ടുക്കോട്ടുണ്ടാം കുടുംബക്കലശലിശകളടക്കുന്ന
    സാംബൻ സഹായം! ൩

## ൩. ദക്ഷിണാമൂർത്തി

പേരാലിൻ തറയായ പാഠനിലയം-
    തന്നിൽ, സദാ സംശയം-
തീരാൻ വന്നണയും നരച്ച
    കിഴവന്മാരാം മഹാശിഷ്യരിൽ
സാരാർത്ഥങ്ങൾ മുഴുക്കെ മൗനവിധിയാ-
    ലോതിക്കൊടുക്കും ഗുരു-
ശ്രീ രാജിച്ച യുവാവു വേണ്ടുമറിവു-
    ണ്ടാവാൻ തുണയ്ക്കേണമേ!

## ൪. മംഗലത്തപ്പൻ

കുട്ടിക്കാലം കളിക്കൂത്തിനു ചെലവെഴുതാം,
    യൗവനം യോഷമാർതൻ-
കട്ടിപ്പോർകൊങ്ക ഭേസിക്കഴിയു,—മൊരു
    മനോരാജ്യമായ്, പ്രായമായാൽ,

Digitized By Kerala Sahitya Akademi

കിട്ടില്ലെന്നും തരം ത്വൽപദഭജനവിധി-
യ്ക്കു,—ന്നെയും, കഷ്ടമാമീ-
മട്ടിൽത്തള്ളാതെ രക്ഷിച്ചരുളുക ഭഗവൻ !
'മംഗല'ക്ഷേത്രവാസിൻ !

---

## ൭. ശൃങ്ഗാരശിവാഭ്യുദയം

വിജയിച്ചരുളുവൂ പ്രിയാപദാന്തേ
വിഷകണ്ഠാഭരണൻ മനോജവൈരി ;
ഗളബദ്ധകൃപാണനായ് സ്മരങ്കൽ-
ശ്ശരണം കൊൾവവനെന്നു തോന്നുമാറേ ! ൧

പ്രിയാപ്രണാമേ ശശിശേഖരന്റെ
സ്വപക്ഷപാതേക്ഷണകോണനോട്ടം,
പ്രസൂനബാണൻ ചിലമേൽ തൊടുത്ത
മുൾക്കേതകപ്പൂങ്കലപോലെ വെൽവൂ ! ൨

ജടയല്ലികൾ, ഗങ്ഗയാം മരന്ദം,
വലയാകാരകപാലബീജകോശം,
ഇവയൊത്തു ജയിപ്പിതീശവക്ത്രം,
ഗളന്ഞ്ഞാം ചളിയിൽപ്പിറന്ന പദ്മം ! ൩

ഉരക്കാനെടുത്തോരു കടുന്ന വെള്ളമാ-
ക്കാപ്പായിട്ടും പാമ്പു കടിച്ചു തീപ്പളും
കാണാതെ വെൽവൂ വിജയാവിഹാസമേ-
റ്റാ, ഭ്രൂമുഖൈകാർപ്പിതചിത്തനാം ശിവൻ! ൪

Digitized By Kerala Sahitya Akademi

ശിവാമുഖാബ്ജപ്രതിബിംബദർശനാൽ
വിറച്ചുഴഞ്ഞീടിന കയ്യിൽനിന്നുടൻ
ഗളിച്ചുപോയ് വേർപ്പുകളാൽ നിറഞ്ഞതാം
ശിവൻെറ തോയാഞ്ജലി വെൽവു നിർല്ലയം! ൧

പ്രണയേർഷ്യകളിൽ പ്രിയാങ്ഘ്രിലാക്ഷാ-
രസസന്ധ്യാഞ്ചിതമൗലിചന്ദ്രനീശൻ,
അവരുടെതൻ വളയായ കാഞ്ചനത്തി-
ന്നുരകല്ലായ കഴുത്തുമായ് ജ്ജയിപ്പൂ! ൨

ഉമയുടെ കഴൽവിരൽ—നടു—ഞെരി-
യാണിയിൽ വെൽവു, നഖേന്ദുവെ വളത്തും,
തലയെ യിരട്ടിപ്പിച്ചും,
പ്രണയത്തുടരായു, മൈശശശിഖണ്ഡം !! ൩

ജ്ജൂവാം മലമകതൻ കണങ്കാൽ
വിജയിപ്പൂ, പതി കാല്ക്കൽ വീണിടുമ്പോഴും,
ഗിരിശൻവരെയും ജയിച്ചു പൊയ്ത്താർ-
വിശിഖൻതൻ വിജയധ്വജം കണക്കേ! ൪

'മടിതന്നിലൊളിച്ചിരിക്കയാണോ
പടു നാഗാനനനെ'ന്നു ബാഹുലേയൻ
പുടനീക്കിയഹോ പാത്തു സസ്മിതം ധൂ-
ർജ്ജടി കൈവെച്ച ശിവാങ്കം ജയിപ്പൂ! ൫

Digitized By Kerala Sahitya Akademi

## ശക്തിപദ്ധതി

### ൧. അംബാസ്തവം

ഒരുമദനവിരോധിയോഗിയാർതൻ-
തിരുവുടൽ പാതി പകുത്തെടുത്ത മങ്കേ !
നിരുപമരുചി നിന്നപാങ്ഗലീലാ-
വിരുതിനു വീണു വണങ്ങിടുന്നു വീണ്ടും! ൧

കുളിർമലയിലുദിച്ചുവന്ന നാനാ-
ലളിതമനോഹരകല്പവല്ലിയാളേ !
ഒളിചിതറിന നിൻെറ തൃക്കരച്ചെ-
ന്തളിരിണ ഞാൻ തലതന്നിലെന്നു ചാർത്തും? ൨

ഇളമതിയണിമൗലിതൊട്ടു തങ്ക-
ത്തളകൾ കിലുങ്ങിന തൃപ്പദം വരെയ്ക്കും
കളമൃദുളമൃണാളനാളകേളീ-
വിളനിലമാം തവമെയ് നിനപ്പനമ്മേ ! ൩

വലമഥനവധൂടിമാർകളോമൽ-
ത്തലമുടിതന്നിലണിഞ്ഞ പൂക്കളാലേ,
പലവുരു പരിപൂജചെയ്ത തൃക്കാ-
ലലരടിയൻെറ മുടിയ്ക്കു വയ്ക്കു ദുർഗ്ഗേ ! ൪

പനിമലയുടെ പൈതലെങ്കിലും നീ
കനിവിടചേരുമൊരൊററ നോക്കിനാലേ
ജനിമൃതിമയമാം മഹാപ്രപഞ്ച-
പ്പനിയിതു മാററി പലർക്കുമെന്നു കേൾപ്പു ! ൫

Digitized By Kerala Sahitya Akademi

തവ വരുതിയിൽ നില്ക്കുവോർകളല്ലോ
ശിവദയിതേ! വിധിവിഷ്ണുമുഖ്യരെല്ലാം,
അവരെയനിശമെന്തിനാശ്രയിപ്പൂ?
ഭവതിയെ മാത്രമിവൻ ഭജിച്ചു കൂടാം! ൬

മലരണിമൃദുവേണി! മഞ്ഞു തിങ്ങും-
മലയുടെ മഞ്ജുളമംഗളക്കരുന്നേ!
മലയജമഹനീയമന്ദഹാസാ-
മലവദനേ! ജയ, മാമറക്കഴമ്പേ! ൭

തിരുകരത്തിലിളങ്കിളി, തിങ്കളേ-
ത്തിരുകിവെച്ച കരിങ്കുഴലീവിധം
വിരുതെഴും ഗിരിശാർദ്ധശരീരമാ-
മൊരു ചുകപ്പു സുഖപ്പൊടി പോടണം! ൮

കാദംബിനീസമകളേബരകാന്തികൊണ്ടു
കാദംബവാടി സതതം കമനീയമാക്കി,
കാദംബരീസുരഭിലാനനയായി മേവും-
കാദംബഗാമിനി കനിഞ്ഞു ശുഭം തരട്ടേ! ൯

ഇമ്പം നൽകിന ശംഭുവിൻ തിരുമുടി-
ക്കൈപ്പൈന്തിങ്കൾ, പാൽവെൺകതിർ-
ത്തുമ്പപ്പൂക്കൾ ചൊരിഞ്ഞു, പൂർണ്ണകലനായ്
ത്തീരുന്നതിന്നാംവിധം,
ചെമ്പട്ടിൻ മയമേന്തുമേതിനെ യഥാ-
കാലം ഭജിപ്പൂ, കലാ-
നമ്പത്തിന്നു നിധാനമാഗ്ഗിരിസുതാ-
പാദം തരട്ടേ ശുഭം! ൧൦

Digitized By Kerala Sahitya Akademi

'ഗതനായി തപസ്വിയെന്തവസ്ഥാ-
ന്തര' മെന്നായ് മുഗ്ദ്ധഹാസമാർന്നപോലെ,
ഭവഭൂതിസിതാനനങ്ങളാകം-
ശിവതൻകൊങ്കകളെ പ്പണിഞ്ഞിടുന്നേൻ ! ൧൧

൨. വാഗ്ദേവീസ്തവം

പാരിൽ സർവ്വജ്ഞനാവലിയ്ക്കുമൊരുപോ-
ലജ്ഞാനമാകും മഹാ-
ദാരിദ്ര്യത്തെയകററുവാനതകിയോ-
രക്ഷയ്യനിക്ഷേപമേ !
സൂരിശ്രേഷ്ഠർ സമാസ്വദിയ്ക്കുമമൃതേ !
സാക്ഷാദ് ഗിരാംദേവിതൻ-
ചാരിത്രക്കതിരേ ! ജയിയ്ക്കു ഭരത-
ക്ഷ്മാഖണ്ഡസാഹിത്യമേ ! ൧

കാളിദാസവദനേ നടമാടും-
നാളി,ലൻപുടയ ഭാരതിതൻെറ
കേളിപങ്കജമതിൻെറ മധൂളീ-
പാളി വിശ്വമധുരം വിജയിപ്പൂ. ൨

ഭവനേതസ്വത്തിനറിവെന്നു പർവ്വത-
പ്രവരങ്കൽനിന്നു മുദധീരശബ്ദയായ്
പ്രവഹിച്ച സദ്രസഗഭീരഭാവയാം-
ഭവഭൂതിസൂക്തിസുധയെബ് ഭജിയ്ക്കു നാം ! ൩

Digitized By Kerala Sahitya Akademi

ചേറാണ്ടുള്ള കൃഷീവലന്റെ ചുമലി-
ൽച്ചായയും നകത്തിങ്കലും,
താറാവിന്റെ നടപ്പിലും, തളിയനാം-
പോക്കിൻ കിടപ്പിങ്കലും,
മാറാപ്പേന്തിയ ഭിക്ഷുവിൻ വിളിയി-
ലും, നാനാവിധാകാരമാം-
മാറാഫന്തി! വിളങ്ങിടുന്ന കവിതേ!
നിൻകാൽക്കിതാ വന്ദനം!! ൪

ധീരപ്രജ്ഞയരങ്ങ് ഗവാങ്മുഖമൃദംഗഘോഷം
മുഴക്കുന്നതും,
സൈ്വരം സൽകവിവാണി പാണിമലരാൽ
പൊൻവീണ മീട്ടുന്നതും,
പാരം പാടവമാന്ന തൂലികകരംതൻ-
നാനാതരം നർത്തന-
സ്വാരസ്യങ്ങളുമെന്റെ കൈരളി!
നിനക്കേകട്ടെ നിത്യോത്സവം! ൫

സാരസാസനനാളിയാം സകലാ-
മരക്കമപാരസം-
സാരസങ്കടമാററുവാനുതകുന്ന
തൻതിരുനോക്കിനാൽ,
സാരവേദിമനോനിവാസിനിയാം-
വിലാസിനി വാണി നി-
സ്സാരനായ്ക്കഴിവോരെനിക്കു
സമസ്തസദ്ഗുണമേകണം! ൬

## ൯. മധുരമൊഴി

ലളിതതരലാവണ്യപ്പൂന്തോട്ടമേ!
കുളിർമയണിയുന്നിന്റെ കണ്ണോമനേ!
മദനജയപ്പൊൽക്കൊടിക്കൂറയാളേ!
മതിമകുടസ്വാമിതൻ ഭാഗ്യസത്തേ!
മറനിരയാം വല്ലിതൻ ചെങ്കുരുന്നേ!
മരണഭവാദ്യാർത്തിയ്ക്കു നന്മരുന്നേ!
ഉലകഖിലം സൃഷ്ടിച്ചു കാത്തൊടുക്കാൻ
നലമൊടൊരു ചില്ലിയിളക്കമമ്മേ!
ഉദയരവികാന്തിയേലട്ടെ മമ
ഹൃദയമണഞ്ഞമ്പുന്ന തമ്പുരാട്ടി!
നരകഹരൻ, നാന്മുഖൻ മുമ്പായുള്ള!
സുരവരരും വന്ദിച്ചുപോരും നാഥേ!
പരിണതചന്ദ്രോപമചാരുവക്ത്രേ!
പരമശിവേ! സാക്ഷാൽ പരബ്രഹ്മമേ!
കവിതകളിൽ കൗശലമീയെനിയ്ക്കു
കവിയുവതിന്നായ് നീ കടാക്ഷിയ്ക്കേണം!
തവ കനിവുകൊണ്ടല്ലോ, മൂകന്മാരും,
നവകവനകോവിദന്മാരാകുന്നു!!
അകലണമെൻ മന്ദത; വാക്കിലൊട്ടും
വികലതയുണ്ടാകരുതായതിന്നായ്
സകലകലാരൂപിണി! ദേവി! നിന്നെ-
പ്പകലിരവു കുമ്പിട്ടു കൂപ്പുന്നു ഞാൻ.

Digitized By Kerala Sahitya Akademi

## ൪. ശ്രീപാർവ്വതീദശകം–സമ്പൽപ്രദസ്തോത്രം.

വന്നിട്ടു നിന്നരികിലേറെ വിനീതനായി
നിന്നിട്ടു, നിന്നൊടു, മൃഡാനി! 'നിദാന'മീ ഞാൻ
എൻ നിഷ്ഠുരാർത്തികളശേഷമുണർത്തുമാറു–
ണ്ടെന്നിട്ടുമെന്തു തിരുവുള്ളമലിഞ്ഞിടാത്തു? ൧

ഒരോ വിചാരമകമേ വളരുന്നു; കയ്യിൽ,
നേരോർത്തിടുമ്പൊഴൊരു "ദമ്പടി" പോലുമില്ല;
ആരോടു ഞാൻ പറയുമീയഴലൊ, ന്നു നീട്ടു–
കാരോമലാം തിരുമിഴിക്കടയദ്രികന്യേ! ൨

ഇന്നേരമൊന്നകിലകത്തളിലാഷമേതും
വന്നേറിടാത്ത വിധമാക്കണെ, മല്ലയെങ്കിൽ
തന്നേയ്ക്കണം മൃതലസാരമെനിയ്ക്കു, രണ്ടി–
ലൊന്നേറ്റിടായ്കിൽ വിഷമം, വിഷകണ്ഠകാന്തേ! ൩

പുള്ളിക്കുരംഗനയനേ! നെറികെട്ട "പാപ്പർ–"
പ്പുള്ളിയ്ക്കുമേ പുതിയ വൈശ്രവണത്വമേകാൻ,
തുള്ളിക്കളിച്ചു തവ കൺമുന പോരു, മൊന്നു–
കൊള്ളിയ്ക്കുകായതിവനിൽ, കുളിർകുന്നിൽമാതേ! ൪

വേറിട്ടിടാതരിശ പിച്ച പിടിച്ചു പായു–
മാറിട്ടനേകനിറവെന്നെയലട്ടിടുന്നു,
വേറിട്ടൊരാളുമിഹ പിൻതുണയില്ല, തെല്ലു
ക്കൂറിട്ടു ദൃഷ്ടി വിടുകെൻ കുലശൈലകന്യേ! ൫

Digitized By Kerala Sahitya Akademi

എന്നെബ്ഭരിച്ചിട്ടുകതന്നെയെനിയ്ക്കുസാദ്ധ്യം;
പിന്നെക്കഴുക്കിനൊരു "ഭാണ്ഡ"വുമുണ്ടു തോളിൽ;
ഇന്നെൻെറയീസ്ഥിതിയറിഞ്ഞൊരു തൃക്കടാക്ഷം
തന്നെങ്കിൽ നന്നു, തരുണേന്ദുകലാപകാന്തേ! ൬

വഴ്ിക്കഴുക്കു പറവാൻ, പുരവൈരിവാമ-
മെയ്യിൽപ്പതിഞ്ഞ മലരമ്പുമണിഞ്ഞിടമ്പേ!
നിഴ്ിന്നു ചെററു മുതലെന്നിലണയ്ക്ക, തൻെറ
കയ്യിൽപ്പണം കരുതിടാത്തവനെങ്ങു സൗഖ്യം? ൭

ദാരിദ്ര്യദാരിണി! ശിവേ! തവ സുപ്രസാദ-
നീരിൽക്കുളിച്ചു തിരുനീലകടാക്ഷനോട്ടം
ആരിൽപ്പതിയ്ക്കുമവർതൻ തറവാട്ടിൽനിന്നു
പോരില്ല പൂമകളൊരിയ്ക്കലുമെന്നു കേൾപ്പൂ! ൮

നിൻപത്തിലേതൊരുനരൻ പണിയുന്നു, വേണ്ട
സമ്പത്തവൻെറ തറവാട്ടിലടിച്ചുകേറും;
ഇമ്പത്തിലിങ്ങനെ നിനച്ചുഴുമെൻെറ കാര്യം
'കമ്പ'ത്തിലാക്കരുതു കാലകൃതാന്തകാന്തേ! ൯

ഗൗരി! ത്വദീയചരണസ്മരണാലെനിയ്ക്കു
നേരിട്ടതില്ലിതുവരെയ്ക്കൊരു നന്മ പോലും,
ഭൂരിപ്രസാദമിനിയെങ്കിലുമെങ്കലുള്ള
ദാരിദ്ര്യസങ്കടമൊഴിയ്ക്ക ദയാപയോധേ! ൨൦

## ൫. ഭദ്രകാളീസ്തവം

ഉങ്കാളമൂർക്കളൊമൊടീ, യുലകിന്നൊരുന്നാം-
നിങ്കാലിണയ്ക്കു പണിയാതെ, ഞെളിഞ്ഞിരുന്നാൽ,
തങ്കാ സുഖസ്ഥിതി തരിമ്പുമൊരാൾക്കു,മെന്നോ-
ർത്തങ്കാളി! നിന്റെ ഭജനത്തിനു ഞാൻ തുനിഞ്ഞേൻ. ൧

വൻകാളകൂടവിഷമീ'രമരേത്തു' ചെയ്തോ-
രൻകാളകണ്ഠനുടെ കണ്ണിലുദിച്ച കന്യേ!
ശങ്കാലവം തടവിടാതൊരു ശാന്തിയേന്തി
നിങ്കാലകത്തു കരുതുന്നിതു ഞാൻ 'നിദാനം'. ൨

ടങ്കം ത്തു:ന്നവ ധരിച്ച ഹരന്റെ കട്ട-
പ്പാങ്കന്യകേ! പെരുത്ത ശാന്തരസത്തെ വീഴ്ത്തി
പങ്കംപെട്ടും മമ മനം കഴുകിത്തുടച്ച-
തിങ്കൽ സദാ കുടിയിരിയ്ക്കുക, കുമ്പിടാം ഞാൻ! ൩

തിങ്കൾക്കിരീടനുടെ നന്മടിയംബരാന്ത-
ത്തിങ്കൽക്കിടന്നു കളിയാടിന കാളി! നീ താൻ,
എങ്കൽ പെരുത്ത പരിതാപമൊഴിയ്ക്കുവാൻ; നി-
സ്സങ്കം ദയാമഴ ചൊഴിയ്ക്കണ,മാവതോളം. ൪

അങ്കത്തിലന്തകനെ വെന്നെഴുമീശ്വരന്റെ-
യങ്കത്തിനാഭരണമായരുളുന്ന തായേ!
വങ്കത്തമേറുമടിയന്റെ മനസ്സിലുള്ള
വങ്കത്തലാററി വരമേകുക, വന്ദനം തേ. ൫

Digitized By Kerala Sahitya Akademi

കങ്കേളിബാണനുടെ മേനി കരിച്ചുവന്റെ
മങ്കേ! മദീയപരദൈവതമേ! നിദാനം
കങ്കേമമാം മുനികൾ വാഴ്ത്തിന മോക്ഷലക്ഷ്മീ-
സങ്കേതമാം തവ പദദ്വയമാശ്രയം മേ. ൬

ഹുങ്കാരമിട്ടണയുമാശരർതൻ ദുരന്താ-
ഹങ്കാരമാകുമടവിയ്ക്കൊരു കാട്ടുതീയേ!
തങ്കാതെയായ്‌വരണമീശ്വരി! ജാഡ്യമെന്നാ-
ണെങ്കാമമ മായതിന നിൻഭജനം പ്രധാനം. ൭

എൻകാലദോഷമൊഴിവാൻ തൊഴുന്നേൻ പദം തേ;
വൻകാലമല്ലനെ വധിച്ചുവനുള്ള കുഞ്ഞേ!
ഹുങ്കാശയേ തടവി നിന്നുടെ കല്പവൃക്ഷ-
സങ്കാശമാം കഴൽ തൊഴാത്തവനെങ്ങു സൗഖ്യം? ൮

തങ്കക്ഷമാധരനെടുപ്പെട വില്ലിട്ടത്താൾ-
തങ്കണ്ണുകൾക്കൊരു രസായനമായ തായേ!
തങ്കൽ സദാ തടവുമീ വികടപ്രപഞ്ചാ-
തങ്കം വിടാൻ തവ നിഷേവണമാചരിപ്പൻ. ൯

സങ്കല്പജപ്രതിഭടസ്‌ഫുടപുണ്യരാശേ!
സങ്കല്പവേളയിൽ മഹർഷികൾ കാണുമമ്മേ!
വങ്കല്പവൃക്ഷനവപല്ലവതല്ലജശ്രീല-
ത്തിങ്കൽ പരാജയമണച്ച പദം തൊഴാം തേ. ൧൦

ഓങ്കാരസാരമയി! കമ്പിതഖഡ്ഗവല്ലീ-
ഭാങ്കാരമീഷിതസമസ്തസുരാരിവർഗ്ഗേ!

Digitized By Kerala Sahitya Akademi

ഞാൻ കാളി! നിന്നുടയ കൺമുനവണ്ടുകൾക്കു
പൂങ്കാവതായിവരണം, കരുണാപയോധേ! ൧൧

മാങ്കണ്ണിമാർതൻ മിഴിമദോത്സവമാം ശിവേ! നീ
മാങ്കണ്ണിയൊഴിയ്ക്കുരുതി,വൻ തവ ദാസനല്ലേ?;
ഞാൻ കർമ്മദോഷമിഴിവാൻനുഴലുന്നു, ഭക്തി-
ത്തേൻ കല്മഷഘ്നി! ചൊരികെൻ കരൾതാരിലെന്നും! ൧൨

---

## ദേവീസ്തവം

൧. സൗന്ദര്യപ്രശംസ—

ലാവണ്യാവാസഭൂവാം കടലുടെ മകളും
  കാണുകിൽ കാല്ക്കൽ വീഴും-
ലാവണ്യാഡംബരത്താൽ, സ്മരനുടെ കഥ തീ-
  ർത്തോരു സന്ന്യാസിയേയും,
പൂവമ്പഭ്രാന്തിൽ നീന്തിച്ചു, വനിടയുടലും-
  കൂടി വീതിച്ചുമേടി-
ച്ചേവം പാരാളുമമ്മേ! തവ വിശദവിലാ-
  സങ്ങൾ വിശ്വോത്തരങ്ങൾ!! ൧

പാലാഴിപ്പെണ്ണുമാ വാണിയുമണിവലയ-
  കപാണമോലും കരത്താൽ
ചേലായ് വീശുന്ന വെൺചാമരമിരുവശവും
  ചേന്ന നിൻ ചാരുവക്ത്രം,

Digitized By Kerala Sahitya Akademi

ലീലാക്രീഡന്മരാളദ്വയനടുവിൽ വിള-
ങ്ങുന്ന ചെന്താമരപ്പൂ-
പോലായ്ക്കാമേശി! കാമേശ്വരമധുപനമ-
ന്ദോത്സവം നല്കിടുന്നു! ൨
ക്രന്തൽക്കൊപ്പം സുവർണ്ണപ്രചുരനവകലാ-
പാഞ്ചിതം നിൻ കഴുത്തും;
കാന്തപ്പോർകൊങ്ക മുക്താവലിപരിലസിതം
ത്തുപ്പട്ടം പോലെ തന്നെ;
സ്വാന്തം കക്കുന്ന കൈത്താരിന്മണിവളവ-
ന്നുററ ചില്ലിയ്ക്കുമില്ലേ?
ശാന്തന്നും മാരമാലേകിയ രമണി! മഹാ-
വിസ്മയം ത്വത്സ്വരൂപം!! ൩
അന്നാളീകാസ്ത്രനെത്തൻ കനലെരിമിഴിയിൽ,
പാററയാക്കാൻ മിടുക്ക-
ണ്ടെ,ന്നാലും, നിൻവിയോഗാൽ സ്മരദഹനശിഖാ-
ദഗ്ദ്ധനായ് രുദ്രദേവൻ,
ചെന്നാത്താപം കെടുപ്പാൻ തപനതനുജയാ-
മാററിൽ മുങ്ങിക്കിടന്നാൻ;-
അന്നാറം തൊട്ടാണു ദാക്ഷായണി! പുകനിറമീ-
വൻനദിയ്ക്കെന്നു കേൾപ്പൂ! ൪

൨. വിക്രമപ്രശംസ—

തുള്ളിച്ചാടുന്ന കണ്ഠീരവനുടെ മുതുക-
ത്തേറി വാഴുമിന്നലോകം,
വെള്ളിക്കുന്നിൻ മുടിയ്ക്കുമ്പിന കരിമുകിലിൻ-
കാന്തി കാണിച്ചുകൊണ്ടേ,

Digitized By Kerala Sahitya Akademi

തള്ളിക്കേറും ജഗദ്ദ്രോഹികളുടെ കട്ടചെ-
ഞ്ചോര വർഷിച്ചു പാരി-
നുള്ളിൽ താപം കെടുത്തീടിന തവ കനിവേ
താങ്ങെനിയ്ക്കുള്ള തായേ! ൭

താളാരാൽക്കണ്ടു, തായാടിട്ടുമൊരു ശിശു പോയ്-
ക്കൊഷ്ടിടും പോലെ, ത്തൈക്ക-
വാളാലങ്ങന്നരിഞ്ഞാക്കറിനദിതിജർതൻ-
കണ്ഠരക്തക്കളത്തിൽ,
ക്ഷേപല്ലാഘോഷത്തൊടത്യുൽക്കടനടനരസം
പൂണ്ടു നൃത്തം ചവുട്ടും-
കാളാംഭോദാഭയാം നിൻ കഴലഹിതഭയാൽ,
കാളി! കാക്കേണമെന്നെ! ൮

ആട്ടം സന്ധ്യയ്ക്കുനഷ്ടിപ്പവനുടെ ദയിതേ!
പണ്ടു നിൻ പൊന്നുഴിഞ്ഞാ-
ലാട്ടത്തിൽ സ്തംഭനം തത്സഹജനമകതാ-
രാട്ടമുണ്ടായി, കൊള്ളാം;
ക്രുട്ടറെറപ്പേക്ക്മൂന്നാകിയ ഭവതി കനി-
ഞ്ഞാടിയുംകൊണ്ടിരിയ്ക്കും-
ക്കോട്ടം തീർന്നാടലില്ലാത്തൊരു നിലയുലകി-
ന്നൊത്തതാശ്ചര്യമല്ലോ!! ൯

ഖേദംപൂണ്ടാദിതേയോത്തമരസുരപരാ-
ഭൂതിസംഭ്രാന്തമാകും-
സാദം സർവ്വത്ര നീങ്ങുംസമയമറിയുമാ-
റുച്ചലിച്ചുച്ചഘോഷം,

Digitized By Kerala Sahitya Akademi

നാമബ്രഹ്മോപദേശം നിയമികളിൽ നട-
ത്തുന്ന നിൻപാദപങ്കജാ-
നാദം തെല്ലൊന്നു കേട്ടാലിവനിഹ കൃതികൾ-
ക്കിന്ദ്രനെൻ പന്ദ്രപങ്കജേ! ൮

സന്നാഹം പൂണ്ടെതിർത്തെത്തിയ ദിതിജരുമായ്-
പ്പോരിടുംനാളിലന്നോ
നിന്നാസ്യത്താരിലും, വിണ്ണിലുമലപല്ലു സുരാ-
മോദമൊപ്പം വളർന്നു;
ചൊന്നാൽത്തീരില്ല നിൻപ്രാഭവമഹഹ, മഹാ-
ദേവി! പോത്തായ ദൈത്യൻ
നിന്നാലാക്രാന്തനായപ്പൊഴുതസുരഹിതാ-
വസ്ഥ വീണ്ടും വഹിച്ചു. ൯

വീതാബാധം വിരോധിവ്രജഗളമരിയും-
പള്ളിവാളിന്നു,മുള്ളിൽ
സ്ഫീതാനന്ദത്തൊടാട്ടം തുടരുമനിമിഷ-
സ്ത്രീകൾതൻ കാൽത്തളിക്കും,
മാതാവേ! ശീഘ്രം സേവിപ്പൊരു തിരുവദന-
ത്തിന്നുമൊന്നിച്ചു താമ്ര-
ശ്രീ താമ്രധപംസനാനന്തരമരുളിയ നിൻ-
മുഖലീലയ്ക്കു കൂപ്പാം!! ൧൦

൩. പാദപ്രശംസ:—

നാലാമ്നായപ്പെരുംപൊയ്കയിലരുണനറും-
താരണച്ചും, സപ്തതേജ-

സ്സാലം യോഗീന്ദ്രചിത്താബ്ധിയിലൊരു പവിഴ-
ച്ചുറ്റിനെപ്പേററുവെച്ചും,
ലീലാകോപങ്ങളിൽ ധൂർജ്ജടിയുടെ ജടയാം-
വല്ലിയിൽ പല്ലവശ്രീ
ചേലായ് ച്ചേർത്തും, ജയിക്കുന്നിതു പരമശിവേ!
ഹന്ത! നിൻ തൃപ്പദാന്തം!! ൧൧

ലീലാപൂർവ്വം, "ചുലായാമിധളവനമഹാ-
കണ്ടകാഘാതകമ്മ-
ത്താലാര്യേ! ത്വൽക്ഷിത്ര ചോരച്ചിതു പദതല!"മെ-
ന്നാളിമാർ ചൊല്ലിടുമ്പോൾ,
കാലാരിസ്വാമി സംഭ്രാന്തിയൊടുപഗതനായ്,-
ക്കണ്ഠകം പൂണ്ട തൃക്ക-
യ്യാ,ലാമ്മാറങ്കമേറ്റീടിന തവ ചരണം
ദേവി! സേവിപ്പനെന്നും!! ൧൨

ആരക്താഭം രജസ്സാകിയ ഗുണമിയലും
ബ്രഹ്മദേവന്റെ തേജ-
സ്സാരം താനാകയാലാ,തവ പദയുഗളി-
യ്ക്കിത്ര പാടല്യമമ്മേ!
ദൂരം ലാക്ഷാനലേപച്ഛിലണിതരുചിയാ-
മായതിൽ പറ്റിനില്ക്കും-
ധീരസ്വാന്തത്തി,നെന്തദ്ഭുത,മൊരുപൊഴുതും
രാഗസംയോഗമില്ല!! ൧൩

ശ്രീലാക്ഷാലിപ്തമാം നിൻകഴലിനുടെ പുവ്വ-
ട്ടേറ്റശോകീഭവിയ്ക്കും-

Digitized By Kerala Sahitya Akademi

ഫാലാക്ഷൻ ത്വത്പദാങ്കാങ്കണകുസുമലസ-
ന്മൗലിയായ് മേവിടുമ്പോൾ,
കൈലാസാരാമദേശ,“ത്തിവിടെയൊരുവസ-
ന്തം നടന്നു ശിവേ! നിൻ-
ലീലാകോപത്തിനാലെ,”ന്നയി തവ സഖിമാർ
ചൊന്ന സൂക്തം ജയിപ്പൂ !! ൧൪

സൗരഭ്യപ്രൗഢി നേടാൻ,സുരഭി സഹജയാം
ദിവ്യവൃക്ഷാളി പെററു-
ള്ളോരപ്പൂവും, സുരപ്പെൺപുരികുഴൽവഴിയായ്-
വന്നു സേവിപ്പതായി,
നീരന്ധ്രാമോദസമ്പത്തിനു വിളനിലമാം-
നിൻപദാംഭോജ,മല്പം
നേരം ശർവ്വാണി! ദുർവ്വാസന കളവതിനെ-
ന്നുള്ളിലർപ്പിച്ചിടേണം !! ൧൫

അല്ലൽപ്പാടാളുകൾക്കേകിയ മഹിഷമഹാ-
ദൈത്യമൂർഖൻെറ ശീർഷ-
കല്ലന്നമ്പോ, ചവുട്ടിജ്ഝടിതി പൊടിപെടു-
ത്തിട്ടൊരുക്കുള്ളതായി,
കില്ലററുൽകൃഷ്ടഹംസാളികൾ തിരയുവതായ്,
ച്ചണ്ഡികേ! രണ്ടുമട്ടും
മല്ലശ്രീപൂണ്ട തൃക്കാലടിയടിയനടിയ്ക്കണ-
മുൾക്കാമ്പിലെന്നും. ൧൬

ശ്രീമല്ലോദ്യത്തമോബാധകളഖിലമൊഴി-
പ്പിച്ചു, ലോകത്തിനേററം

Digitized By Kerala Sahitya Akademi

വൈമല്യം ചേർത്തു, ബോധോദയമരുളുവതാ-
യുള്ള നിൻതൃപ്പദാന്തം,
ആമത്താപൂർണ്ണമായോരരുണഗുണമിയ-
ന്നിട്ടു, മിന്ദ്രാദിദേവ-
സ്തോമത്തിൻ പാണിപദ്മങ്ങളെ മുകുളിതമാ-
ക്കുന്നതെന്താദിമായേ? ൧൮

സ്വാരാജ്യസ്ത്രീജനത്തിൻ സുരുചിരതരസീ-
മന്തവീഥിക്കു യത്നം
ചേരാതേ സാന്ദ്രസിന്ദൂരകരചന പെടു-
ത്തുന്ന നിൻതൃപ്പദത്തിൽ
ആരാജിക്കുന്ന രാഗപ്രചുരിമ, ഹരചി-
ത്തേശി! വൈരാഗ്യപൂർണ്ണ-
ന്മാരായിത്തീർന്ന ഭക്തർക്കുടയ കരളിൽനി-
ന്നാഹരിച്ചുള്ളതാണോ? ൧൯

കാമക്ഷ്മോദയാഡംബരവിളനിലമായ്,-
ക്കാമകോടിസ്ഥമായി,
പ്രേമം കൈക്കൊണ്ടു കാമേശ്വരനണിമടിയിൽ
ചേർപ്പതാം ത്വൽപദത്തെ
കാമം കാമാക്ഷി! ഭക്തിസ്ഥിരത പെടുമക-
ക്കാമ്പൊടന്യൂനമാം നി-
ഷ്കാമത്വത്തിനുവേണ്ടി സ്സുകൃതികളുപസേ-
വിച്ചു പോരുന്നു, ചിത്രം! ൨൦

Digitized By Kerala Sahitya Akademi

൪. മഹിമാതിശയം :—

പാരെല്ലാററിന്നുമുൽപാദനഭരണവിനാ-
ശങ്ങൾ നിത്യം നടത്തു-
ന്നോരെന്നാരും പ്രകൃഷ്ടം കമലജകമലാ-
കാന്തകാലാന്തകന്മാർ
നേരെന്തോ കണ്ടുവെയ്പാൻ നിജനികടമണ-
ഞ്ഞപ്പൊഴാ, ധീരരേയും
തീരെപ്പെണ്ണുങ്ങളാക്കീടിന തവ മഹിമ-
യ്ക്കുററമെങ്ങാദിമായേ ! ൧൦
പീനാമോദേന വാണീഭഗവതി നടമാ-
ടുന്ന വൈരിഞ്ചവക്ത്ര-
സ്ഥാനാൽ താനേ പുറപ്പെട്ടുലകിന വെളിവുൾ-
ച്ചേർത്ത വാക്യങ്ങൾ പോലും,
മാനാതീതങ്ങളാം നിന്നുടെ മഹിതവിലാ-
സങ്ങൾ വർണ്ണിച്ചു തീർപ്പാൻ
മാനാലേർപ്പെട്ടു മായാശബരി ! തവ കളി-
ശപ്പാക്കളായ്ത്തീർന്നവല്ലോ !! ൧൧
ദാരിദ്ര്യം പ്രാജ്ഞനേകുന്നിതു, പശുസമനോ
സർവ്വസമ്പൽസമൃദ്ധൻ !
പോരിൽ തോല്ക്കുന്നു ശൂരൻ, ജയമൊരു ഭയശീ-
ലന്നു കൈവന്നിടുന്നു !
ഭൂരിക്ലേശം ബലാഢ്യന്നു ഭവ, മബല-
ന്നെപ്പൊഴും സൗഖ്യമത്രേ !
പാരിൽ ശ്രീയോഗമായേ ! തവ കളികളിലെ-
സ്സാരമൊന്നാരറിഞ്ഞു !!! ൧൨

Digitized By Kerala Sahitya Akademi

പാരാം പാരാകെ വേണ്ടും പരിചിന കടലാ-
സ്സാക്കി, നീരാഴമേറും-
പാരാവാരത്തെയെല്ലാം പരശിവദയിതേ!
നന്മഷിപ്പാത്രമാക്കി,
പോരാ, നിശ്ശേഷപക്ഷിപ്പരിഷകളുടെയും
തൂവലും പൂണ്ടതന്ദ്ര-
ന്മാരായ്ബ്ബാണാസുരന്മാർ പലരെഴുതുകിലും
തീരുമോ നിൻ ഗുണങ്ങൾ? ൨൩

നാനാസൃഷ്ടിക്കു കല്പിപ്പിതു നളിനഭവൻ
ദേവി! നിൻ ചോദനത്താൽ;
മീനായും കൂർമ്മമായും മുഹുരപി വിഷമി-
യ്ക്കുന്നു ദൈത്യാരിദേവൻ;
കീനാശദ്വേഷി ലോകക്ഷപണവിവശ, നീ-
മൂന്നപേക്ഷം നിവർത്തി-
പ്പാനാകുന്നീല സാംസാരികസരണിയിൽ നി,-
ന്നീ നരക്കെന്തുപിന്നെ? ൨൪

നേരായിത്തത്ത്വമസ്യാദിമനിഗമവച-
സ്തത്ത്വമോർക്കും മുനീന്ദ്ര-
ന്മാരാഃപാളം സമാധിസ്ഥിരത പെടുമക-
ക്കണ്ണിനാൽ കാണ്മതായി,
ആരാലും വേർതിരിച്ചോതിടുവതിനെളുതാ-
കാത്തതായ്, നിത്യമാകം
സാരാനന്ദപ്രകാശാത്മകവിമലപര-
ബ്രഹ്മമാണംബികേ! നീ. ൨൫

Digitized By Kerala Sahitya Akademi

൧. മന്ത്രമാഹാത്മ്യം :—

എല്ലാലോകങ്ങളും തീർത്ഥങ്ങളുമൊരു പെരും-
തച്ചുനേരെപ്പുകഴ്ത്തി-
ച്ചൊല്ലാവുംമട്ടിലുണ്ടാക്കിയ തവ'കവചം'
ദേവി! നെഞ്ചിൽ ധരിച്ചാൽ,
നില്ലാതായാർക്കു നാനാമുറിവുതകുമന-
ർഘായുധവ്രാതപാതം
പുല്ലാക്കി ജ്ജീവിതായോധനവിരുതിലണി-
പ്പൊൻജഗത്തുണ്ടൊ നാട്ടാൾ ൨൬
ശോകാലമ്പേററ പന്നിത്തടിയനണയവേ,
ബിന്ദുക്കൂടാതെതാൻ ര-
ണ്ടക്ഷരം ലോകസാധാരണനിലയിലുര-
ച്ചോരു മൂഢദ്വിജനും,
വൈകാതെൻ വാണിമാതേ! വരകവിത വശ-
പ്പെട്ടു വാല്മീകിതൻ മ-
ട്ടേകാന്തഖ്യാതി കിട്ടീ; മഹിതമഹഹ!
നിൻമന്ത്രബീജപ്രഭാവം!! ൨൭
സ്വാലോകാലോകലത്വം പെരുകിന ജലവൃ-
ന്ദത്തിനും ശുദ്ധിയേകിപ്പോ-
നാലോപാമുദ്രതൻ വല്ലഭനൃഷിവരനും
സ്വാത്മശുദ്ധിയ്ക്കുവേണ്ടി,
ശ്രീലോകാധീശി! മൂവ്വാണ്ടിട ശുചിതര-
രാശ്രയിച്ചുഗ്രഭക്തി-
ച്ചുലോപാർജ്ജിച്ചതാമ ത്രിശതി തവ ജപി-
യ്ക്കുന്നവർക്കെന്തസാദ്ധ്യം? ൨൮

Digitized By Kerala Sahitya Akademi

വ്യോമം കത്തിത്തുളച്ചും മുടിയൊടുയരുമാ-
വിന്ധ്യനെപ്പണ്ടു, പത്തി-
സ്തോമത്തെപ്പോ,ലെളുപ്പസ്ഥിതിയിലൊരടിയാൽ
കീഴമത്തുന്നതിന്നും
സാമർത്ഥ്യം നേടിയല്ലോ, ശിവശിവ! ലളിതേ!
നിൻെറ "മന്ത്രരൂപേണ"*
ന്നാ മന്ത്രത്തിൻ ജപത്താ,ലതികൃശതനുവാം
കുംഭജന്മാവു പോലും!! ൨൯

സ്ഫീതാഭോഗാലസംഖ്യം കലശശതസഹ-
സ്രങ്ങളും മുട്ടാതെ പാനം-
ചെയ്താലും, ഹാനി തട്ടാത്തൊരു ജലധിജലം
കൈക്കയ്ക്കൂട്ടിത്തൊക്കെയൊപ്പം
ഹാ! താൻതാനാചമിച്ചാൻ ദ്രുതമൊരു കലശ-
ത്തിങ്കൽനിന്നുദ്ഭവിച്ചോൻ;
മാതാവേ! നിൻെറ നാമത്രിശതിയുടെ ജപം
സർവ്വസംസിദ്ധിമൂലം. ൩൦

൩. സേവനപ്രശംസ—

ബ്രഹ്മാദിത്രീശ്വരക്കും ജനനി! മുനിമനോ-
ലക്ഷിതേ! ലക്ഷലക്ഷ-
ബ്രഹ്മാണ്ഡൈകാധിനാഥേ! ബഹുലബലികളോ-
ന്മൂലനോദാരശീലേ!

* ലളിതാത്രിശതീസ്തോത്രം

Digitized By Kerala Sahitya Akademi

ബ്രഹ്മാധിഷ്ഠാനഭൂതേ! ഭഗവതി! ഭവതാ-
പാപഹേ! നിത്യപൂർണ്ണ-
ബ്രഹ്മാനന്ദാബ്ധികേ! നിൻഭജനരതി ഭവി-
യ്ക്കുന്നതേ ഭാഗ്യമാക്കും. ൧൭

മുക്കണ്ണോരഞ്ചുമട്ടാകിയ നിറമുടയോ-
രഞ്ചു വക്ത്രങ്ങളാർന്നും,
തൃക്കൈയ്യീരഞ്ചിലബ്ജാങ്കുശകമലകപാ-
ലാദിവസ്തുക്കളും പൂണ്ടും,
സൽകുന്ദ്രാർദ്ധേന്ദുചൂഡം വിലസിന തവ
തത്ത്വാത്ഥവർണ്ണസ്വരൂപം
ഹൃൽകഞ്ജത്തിൽ പതിഞ്ഞാൽ ശവചലന-
മചലബ്രഹ്മമേ! ബ്രഹ്മതുല്യൻ!! ൧൮

ശ്രീമത്തൃപ്പാദവും നിന്നുടെ സഹഭവനം
മല്ലവിദ്വേഷിയല്ലോ;
ഭീമൻ പഞ്ചാസ്യനല്ലേ ഭഗവതി! പകതി-
ദ്ദേഹവും വാഹവും തേ;
കാർമട്ടും നിൻമുടിയ്ക്കും ശുഭമതി വിലസീ-
ടുന്നു നിൻഭക്തനും; പേ-
ർത്താമട്ടിൽ താതനും തേ ഭജനവിമു-
ഖനും ശുദ്ധമാടെന്നു കേൾപ്പൂ. ൧൯

ശോണാകാരം നറുംതൃച്ചേവടി, കുചയുഗളം
തുംഗഭദ്രാത്മകം, പൂ-
ബാണാരിയ്ക്കെപ്പൊഴും നർമ്മദ ഭുജലത;
നിൻ വേണിയോ കൃഷ്ണ തന്നെ;

Digitized By Kerala Sahitya Akademi

ചേണാർന്നോരദ്രിജാതേ! പ്രഥിതനടനദീ-
ത്രപയായുള്ള നിങ്കൽ-
ത്താണാരാപൂർണ്ണഭക്ത്യാ മുഴക, മവനപ-
ങ്കാന്തവിദ്ധൻ, വിശുദ്ധൻ!! ൩൪

ശ്രേയസ്സിൻ ജന്മഭൂമേ! ജഡത, ഗുരുകള-
ത്രത്തിലാസക്തി, മിത്രാ-
പായത്തിൽ സ്പഷ്ടമാകും ശുചി വളവിവ ചേ-
ർന്നോരു ദോഷാകരന്നും,
നീയൻപോടൊത്തു കൈക്കൊള്ളുകിലമൃതമയാ-
വസ്ഥ സിദ്ധിപ്പതാണെ-
ന്നീയർത്ഥം ബോദ്ധ്യമാക്കുന്നിതു തവ മകുട-
ത്തിങ്കൽ മിന്നും മൃഗാങ്കൻ! ൩൫

കച്ചയ്ക്കില്ലാഞ്ഞു തോലാമുടുപുടവയുമായ്-
പ്പാഴ്ത്തലക്കിണ്ണമേന്തി-
പ്പിച്ചയ്ക്കായുഴുതെണ്ടും വിഷധരധരനെ-
പ്പിൻതുടർന്നീടുമമ്മേ!
ഇച്ചക്രം ചുററൽ നിന്നിങ്ങൊരുപൊഴുതുളവാം
കേവലാനന്ദമെന്നും-
വെച്ചല്ലോ സേവ ചെയ്യുന്നിതു തിരുവടിയെ-
സ്സർവ്വസന്ന്യാസമേറേറാർ. ൩൬

ആനനത്തോൽ മുണ്ടുടുക്കുന്നവന്റെ
ഹൃദയത്തിങ്കലും, വാമദേഹ-
സ്ഥാനത്തും രാഗമേറീടുമൊരിള-
വെയിലിൻ കാന്തലാം നിന്റെ ഗാത്രം,

Digitized By Kerala Sahitya Akademi

ധ്യാനം ചെയ്യുന്ന യോഗിപ്രവരന്മാരുടെ
കരാംഭോജത്താമരത്താർ വിട്ടത്തി-
ജ്ഞാനത്തെനിട്ടൊഴുകുന്നിതു ജനനി! ജഗൽ-
ബോധമാമ്മനെകത്താനേ! ൩൭

പ്രേമത്താൽ നീലകണ്ഠോത്സവമരുളിടു-
മെൻകാളി! കാളായസൂന-
ശ്രീമത്തായ് നീപവാടിയ്ക്കൊരു നിബിഡനിറം
ചേർത്ത നിൻ ചാരുരൂപം,
രക്ഷമത്തോടൊന്നു കാണ്മാൻ പകലിരു-
വിയലും തൃഷ്ണയാലന്ധ്യഹംസ-
സ്തോമം പോലും വഹിയ്ക്കുന്നിതു ശിവ! ശിവനേ!
ചാതകവ്രാതധർമ്മം. ൩൮

യാമസ്തോമം തിമിക്കും കടൽ മണിയറയാം;
യോഗവിദ്യേ! വിഷാഗ്നി-
ക്ഷോഭം പാടേ പൊഴിക്കും ഫണി പരിചിലലും
മെത്തയാം, മൃത്യുമല്ല,
മോദത്താൽ ദാസിയാം പൂമകൾ; ളധിഗതമാം
വിശ്വരക്ഷാധികാരം;
സാമം പറ്റാതെ സർവ്വോത്തരമഹിമ
പെരുന്തേവകന്നേവമുണ്ടാം. ൩൯

ആതങ്കം കൈവളർത്തും കടുവിഷമമൃതായ്-
ത്തീർന്നിട്ടും; പന്നഗേന്ദ്ര-
വ്രാതം മെയ്യണിമാകും; ഭഗവതി! ചുടല-
ക്കാടൊരുദ്യാനമാകും;

Digitized By Kerala Sahitya Akademi

ഭൂതപ്രേതാദിവർഗ്ഗം പുനരടിമകളാം;-
മുജ്ജചലാപാംഗനോട്ടം
നീ തട്ടിയ്ക്കുന്ന ധന്യന്നൊരു ഭയലവമെ;-
ന്നായവൻ പാരിനീശൻ. ൪൦

മൈനാകം, കൃഷ്ണനെന്നീ ത്തവ സഹജരുമായ്-
ച്ചേർച്ചപൂണ്ടും, തപശ്ശംഭ്രി-
സ്ഥാനാന്തേ സേവ ചെയ്യാൻ നിജമകളെ മുദാ
നിത്തിയും, നിൻ പ്രസാദം
താനാർജ്ജിച്ചാഴി, രത്നാകരതയൊടനിശം
പൂർണ്ണമായ് വാണിടുന്നു;
നാനാശ്ചര്യസ്ഥലം നിൻ കനിവിഹ
ജലരാശിയ്ക്കുമദ്രീന്ദ്രകന്യേ! ൪൧

സാരഗ്രന്ഥാക്ഷമാലാഭയവരധരമാം
നാലു കയ്യൊത്ത ലീലാ-
കാരത്തോടേ വിളങ്ങും ഭവതിയുടെ
കൃപാമന്ദഹാസാംശുലേശം,
സൈരം സേവിച്ചു നേടിച്ചില സുകൃതിജനം,
സച്ഛവർണ്ണസപത്രപേ!
പാരമ്പൊൽഗൗരമാക്കി ച്ചെറിയ
കവിയശസ്സായ പൂവെണ്ണിലാവാൽ. ൪൨

സാരം കണ്ണെത്തി മെല്ലെപ്പുളവിടസനിഭയാം-
നിന്നുറക്കം വിലക്കി-
പ്പാരം മേല്പോട്ടുയർത്തി ദൃശശതദളമാം
താരിലാമ്മാറിതത്തി,

Digitized By Kerala Sahitya Akademi

സ്വൈരം വിശേഷജ്ഞ! നിന്നെത്തവ പരിജനമാം
ലക്ഷ്മിയെപ്പോലെ കാണും
ധീരൻ ഹാ! നിൻപ്രസാദാലമൃതലഹരിയിൽ
കേളിയാടുന്നിതെന്നും. ൪൩

ലാളിത്യം ഹന്ത! ലോകോത്തരമിയലുകിലും
ദുർഗ്രഹോദഗ്രഭാവം
മേളിച്ചും, പാർത്തറിഞ്ഞുള്ളവനൊരു പരമാ-
നന്ദസന്ദാത്രിയായും,
കേളിയ്ക്കൊത്തുല്ലസിയ്ക്കും ശുഭകവിത, സദാ
ഭക്തർതൻ ദാസിയാകും
കാളി! ത്വദ്ദാസനല്ലാതെവനു വശഗയാ-
മങ്ഗനയെപ്പോലെതന്നെ! ൪൪

നേരെത്താത്താണ്ഡവത്താൽ കലകളറുപതും
നാലുമൊപ്പം ചമച്ചാൻ
തീരെ പ്രേമാന്ധനായ്ക്കീഴ്പ്പെട്ടുമമലകലേ-
ശോല്ലസന്മൗലിയാം നീ,
പാരെല്ലാം തീർത്തഴിയ്ക്കും പുരികലത കറ-
ഞ്ഞൊന്നിളക്കുന്നതായാൽ,-
ആരെസ്സേവിയ്ക്കുകില്ലാ സകലകലകളും
ദാസിമാരെന്നപോലെ. ൪൫

[“നത്തനാഢി പരേശസ്യ ചതുഃഷഷ്ടികലാജനിഃ”]
(പ്രദോഷസ്തോത്രം)

Digitized By Kerala Sahitya Akademi

ഉല്ലാസം നിൻ വലങ്കണ്ണരുളുമൊരിഷുവും,
ത്ര്യംബകേ! നിന്മൊഴിയ്ക്കൊ-
ട്ടെല്ലാമൊക്കും രസം ചേർന്നൊരു ചിലയുമെട-
ത്തൊരു നിൻ ചാരുനോട്ടം,
തെല്ലാരിൽത്തട്ടു, മപ്പൂരുഷനൊരു വികൃതാ-
കാരനായാലു, മെന്തെ-
ന്നില്ലാതോടിക്കിതച്ചെത്തിടുമവനിലനം-
ഗാത്തിപൂണ്ടങ്ങനൎഘം. ൪൰

ധീരം പോരാടുമാ വന്മഹിഷനുടെ തല-
ത്തട്ടടച്ചിട്ടതിന്മേൽ
നേരംപോക്കായി നൃത്തോത്സവകലവി
ളൂടേന്നൊരു നിൻതൃപ്പദാന്തം
ആരൻപോടാശ്രയത്തിൽ കരുതുമനിശമാ-
പ്പുണ്യവാൻതന്നടുക്കൽ
സൈ്വരം പോത്തിൻപുറത്തേറിടുമവ-
നണയില്ലെന്നതാശ്ചര്യമാണോ? ൪൧

൧. അനുകമ്പാതിശയപ്രശംസ—

വേദം നാലും കവന്നീടിന ദുരിതപരൻ
ദുഗ്ഗമൻതന്റെ മുഷ്ക്കാൽ
സാദം ധമ്മത്തിനേറ്റി, ട്ടലകഖിലമനാ-
വൃഷ്ടിയാൽ ചുട്ടെരിയ്ക്കെ,

Digitized By Kerala Sahitya Akademi

ഭേദംകൂടാതെ നീയൊമ്പതു ദിനമൊരുപോ-
ലക്ഷിനീർ പെയ്തു പാരിൻ
ഖേദം തീർത്തു; ശതാക്ഷി! വ്യഥിതരിലലിവി-
ന്നുയ്ക്ക മററാർക്കു കാണും! ൪൮

൮. ജ്ഞാനപ്രശംസ—

വല്ലാതജ്ഞാനമെന്നുള്ളൊരു കട്ടതിമിരം
വായ്ക്കയാൽ കാഴ്ച കണ്ണി-
ന്നില്ലാഞ്ഞിട്ടങ്ങുമെത്തും പിടിയുമിഹ കിട-
യ്ക്കാതെ ഞാൻ തപ്പിടുന്നു;
നില്ലാതീ നീണ്ട രോഗം നിഖിലമകലുവാൻ
നിൻകടാക്ഷാഞ്ജനക്കോ-
ലല്ലാതുണ്ടോ മരുന്നൊന്നു,തു തരിക കനി-
ഞ്ഞോഷധീശാവതംസേ! ൪൯

കാമക്രോധാദിയാമോഗണപരിചിതമാ,-
യററമില്ലാത്തതായി,-
ബ്ഭീമതപം പൂണ്ടിരിയ്ക്കും ഭവജലനിധിയിൽ
താണു കേണീടുമെന്നെ,
ശ്രീമൽകൂർമ്മത്തിനൊത്തുള്ളൊരു പുറവടിയാ-
ലൊന്നു നീ പൊക്കിയെന്നാ,-
ലീ മന്ദൻ മന്ദരാഗത്തപമൊടമൃതരസം
നേടുവൻ വിഷ്ണുമായേ! ൫൦

Digitized By Kerala Sahitya Akademi

140559

൯. സൗഭാഗ്യപ്രശംസ—

ആകർണ്ണം മദ്ധ്യമദ്ധ്യന്മണിഗുണനികരം,
നീലനീരന്ധ്രമേഘ-
ശ്രീ കക്കം വേണി നൽസ്സ്വശ്ചര, പരിചിയലും
ശ്രോണിയോ പൃഥപിതന്നെ;
ശ്രീകണ്ഠങ്കൽ പ്രംഗഷിണ്യയി ഭഗവതി!
നിൻ ദൃഷ്ടി ഘാഘന്തി ചിത്രം!
നൈകച്ഛന്ദോവിശേഷാകൃതിയിലമരുവോ-
ളായ്യയാണെങ്കിലും നീ! ൩൯

൧൦. സമ്പൽപ്രാർത്ഥനം—(ഒരു മന്ത്രം)

പാരാം പാരിങ്കലെല്ലാം പരമചപലയാ-
ണെന്നു, നിൻ തോഴിയാകും
താരാർമാതിന്നു ദൃഷ്ടേരിളകിയതവിടെ-
യ്ക്കൊട്ടു പോരായ്കയെങ്കിൽ,
മാരാരാതിപ്രിയേ, ഞാനൊരു വഴി പറയാം:
എങ്കലെന്നും വസിപ്പാ-
നാരാൽ കല്പിയ്ക്ക തൃക്കണ്ണുനയുടെ കളിയാ-
ലാളിയെക്കാളി, യെന്നും. ൪൦

൧൧. ഐശ്വര്യദാതൃത്വം—

ഭീമാഭോഗം വിഷം കൊററിനു, കരിയുടെ തോ-
ലാട, കൂട്ടാളിമാരോ
കോമാളിപ്രേതഭൂതാദികൾ, ചുടല കളി-
ത്തോപ്പു, മെയ്ക്കോപ്പു സർപ്പം-

Digitized By Kerala Sahitya Akademi

സാമാന്യംപോലെയെന്താണയി, തവ കണവ-
നുള്ളതെ, ന്നിട്ടമമ്മേ,
സീമാവില്ലാത്തൊരൈശ്വര്യമിതവനു വരാൻ
കാരണം നിൻപ്രസാദം! ൧൩

പാലാഴിപ്പെണ്ണൊരാളൻ, പരമസുഭഗമാം
നിന്റെ പൂമേനി പുൽകാം
കാലാരിത്തമ്പുരാനെച്ചിരമതിബദ്ധമാ-
നത്തോടച്ചിച്ചൊട്ടുക്കം,
ചേലാളും നിൻനിതംബത്തൊടു സമവടിവാം
ചക്രവും കൈക്കലാക്കി
സ്ഥൂലാനന്ദേന മേവുന്നിതു സകലരിലും
മേലെയായ് ശൈലകന്യേ! ൧൪

പട്ടിന്നും തോലിപ്പറവുംപടി പരിമൃദുവാം
നിൻപദം മന്മനസ്സിൽ
തട്ടിയ്ക്കാഴ്ത്താനിതിന്നുള്ളൊരു കഠിനതയോ
കാരണം? കഷ്ടമോർത്താൽ;
കട്ടിപ്പാറയ്ക്കുനേരാം മഹിഷനുടെ തല-
ത്തട്ടുതീരെച്ചുവട്ടി-
പ്പൊട്ടിയ്ക്കാമെങ്കിലിസ്സാധുവിനുടെ മതി-
കാർക്കശ്യമിങ്ങെന്തു സാരം? ൧൫

Digitized By Kerala Sahitya Akademi

൨൫. അനുഗ്രഹാശംസ—

കൃത്താടിക്കാസുരത്തിൻ മുടിയിലരുളിയോ-
രംബികേ! ഹന്ത ശുദ്ധം-
പോത്താണല്ലോ; ദൃഢം ഞാനനവരതജലോ-
പാശ്രയപ്രാപ്തപങ്കൻ,
ഓത്താകും പാരിജാതക്കൊടിയുടെ മുകളിൽ
ച്ചേർന്നു മിന്നുന്ന ചെന്താ-
ർക്കാൽത്താരെൻമൂർദ്ധ്നി വെയ്പാനാദരസമവിട-
ത്തെയ്ക്കു തോന്നാത്തതെന്തോ? ൭൯

വാനത്തെഗ്ഗംഗയെത്തൻ നെറുകയിലണിയു-
ന്നോന കാമപ്പനിപ്പി-
ച്ചൂനംകൂടാതണച്ചും പണിയുടയ പനി-
പ്പർവ്വതപ്പെൺതലാമേ,
നൂനം സംസാരഘോരപ്പനിയെഴുമവരെ
സ്വാനുകമ്പാരസത്തിൽ
സ്നാനം ചെയ്യിച്ചു സൗഖ്യസ്ഥിതിയരുളിവിടും-
നിന്റെ വൈദ്യം വിചിത്രം!! ൮൦

൨൬. ശ്രീവിദ്യാമുക്തിസ്തവം—

ശ്രീവിദ്യാമുക്തിനല്ലാർകളിലധികതരം
കാമമോലും പുമാന്മാ-
രാവിസ്സന്താപരാംഘ്രിൻനഖകിരണനവം-
ചന്ദനം പൂശി മെയ്യിൽ

Digitized By Kerala Sahitya Akademi

ദേവി, ത്വൽപാദരക്തോൽപലദളച്ഛവിനിരയാം
പല്ലവൗഘം വിരിയ്ക്കും
ഭൂവിൽത്തന്നേ കിടക്കുന്നിതു തവ കൃപയാം
തോഴിയേക്കാത്തജസ്രം. ൪൭

൪൮. പാപനിവേദനം —

ലോകാദിവ്യാപ്തയാം നീ ഹരമഹിഷി, മണാ-
ളൻറ മെയ്ക്കോപ്പിനൊക്ക-
ന്നാകാരം പൂണ്ടകത്തിങ്ങിനെ കതകുമട-
ച്ചിട്ടുറങ്ങിക്കിടക്കെ,
ശോകാവേഗാർത്തനാമെൻ മുറവിളി വെറുതേ-
തന്നെ; നിൻനിദ്ര നീങ്ങി-
പ്പോകാനോ, പുഷ്ടവാന്മാരൊടു പൊരുതു
ജയിയ്ക്കേണമെന്നാലതാമോ? ൪൯

മാലന്നന്നേരുമാറിങ്ങിതുമിതുമപരാ-
ധങ്ങളജ്ഞാനബന്ധ-
ത്താലയ്യോ, ചെയ്തിരിയ്ക്കാമിവ, സലിലവാക്കേ-
യ്ക്കാകെ മാപ്പേകണം നീ,
നീലഗ്രീവാത്മനാഥേ, നിഖിലജനനിയാം
നിൻ കിടാവല്ലി ഞാനും?
ബാലന്മാർ 'കാട്ടു കാട്ടും' പൊഴുതിലതു
പൊറുക്കാത്ത മാതാക്കളുണ്ടോ? ൫൦

Digitized By Kerala Sahitya Akademi

൧൫. രക്ഷണപ്രാർത്ഥനം—

ഇല്ലാ മേ വേർതിരിച്ചുള്ളറിവൊരുതരിയും
ഹന്ത! തോന്നുന്നതെന്തും
നില്ലാതേകണ്ടു ചെയ്യും, ദൃഢതരഭവപാ-
ശത്തിനാൽ ബദ്ധനീഞാൻ;
എല്ലാംകൊണ്ടും നിനച്ചീടുകിലൊരുപശുവാ-
മെന്നെ രക്ഷിയ്ക്കുവാൻ നീ-
യല്ലാതേ തക്കൊരാളാരിഹ പശുപതിയാം
പോററിതൻ പാതിമെയ്യേ! ൩൧

കില്ലെന്ന്യേ നിൻെറ സംസേവയിലമരുമെനി-
യ്ക്കൊന്നുമെൻ ദേവി, തന്നി-
ട്ടില്ലെന്നിക്കാരണത്താൽ സ്ഫുടമിവനെ കട-
പ്പെട്ടിരിയ്ക്കുന്നു നീ താൻ!
വല്ലെന്നാലും, വഴിപ്പെട്ടൊരുവരമരുളി-
ത്തീർത്തുകൊൾകിക്കടപ്പാ-
ടല്ലെന്നാൽ നിന്നപർണ്ണാഹ്വയമിതു
ശരിയല്ലെന്നു സംസാരമാകും!! ൩൨

കില്ലെന്ന്യേ ബുദ്ധനാരും ഭജിയ്ക്കിലുമിവ-
നായൊന്നുമേ നല്കിയി-
ട്ടില്ലെന്നുള്ളതുകൊണ്ടെനിയ്ക്കൊരു കട-
ക്കാരത്തിയായ്ത്തീർന്നു നീ;
വല്ലെന്നാലുമകം കനിഞ്ഞൊരു വരം
തന്നിക്കടപ്പാടു തീ-

Digitized By Kerala Sahitya Akademi

ക്കല്ലെന്നാകിലചർണ്ണമെന്ന ഞാവ പേ-
രീശാനി! മോശപ്പെട്ടും. (വൃത്താന്തരം) ൩൪

വൈമുഖ്യം സർവ്വകൃത്യത്തിലുമുതകിടുമീ-
രോഗമൊന്നേല്ലയാലും,
മാൽ മുററും മാനസത്തിൽ പകലിരവുളവായ്-
വന്നു വർദ്ധിക്കയാലും,
ഹാ! മുഗ്ദ്ധൻ ഞാൻ മരിയ്ക്കായ്കിലുമൊരു ശവമായ്-
ത്തീർന്നി,തെന്നിട്ടുമെന്തെൻ-
ചാമുണ്ഡേ! ചാരുവാം ത്വൽപ്പദമിവനിലണ-
യ്ക്കാത്തതാത്താനുകമ്പം? ൩൫

നേരമ്പോക്കിനുവേണ്ടിപ്പല വടിവിലുമി-
പ്പാരശേഷം ചമയ്ക്ക-
ന്നോരങ്ങക്കീശ്വരീരിപ്പരിഷകൾ മുഴവൻ
ശുദ്ധലീലാമൃഗങ്ങൾ
പാരം ത്തേ കൗതുകത്തിന്നുതകമവയിലൊ-
ന്നായ ഞാൻ ചെയ്കതെന്തും;
സാരസ്യത്തി,ന്നിതോർത്താലിവനെ നിയതമായ്
ദ്ദേവി, രക്ഷിയ്ക്കവേണം. ൩൬

കൗമാരിപ്പേരൊടോമന്മയിലിനുടെ
കഴുത്തേറി മിന്നുമന്നാരങ്ങ-
ന്നീ മാററം കൌതുകാൽ തന്മകനെ-
യനുകരിയ്ക്കുന്നതിന്നാണെന്നാതെങ്കിൽ,

Digitized By Kerala Sahitya Akademi

സാമാന്യം ചൂർണ്ണമാക്കാം, നിവനുടെ ദുരിത-
ക്രൌഞ്ചശൈലം, കുമാര-
ശ്രീമാതാവേ! പിളർത്തീടുക നിജകരസം-
സക്തയാം ശക്തിയാലേ. ൩൬

ഇപ്പാരാം നാട്യരംഗത്തറയിലിവനിതാ,
വേഷവും കെട്ടി, നൃത്തം-
വെപ്പാനെത്തേണ്ടിവന്നു, ചെറുതൊഴികഴിവി-
ല്ലാത്ത നിന്നാജ്ഞ മൂലം;
തപ്പാതെൻ ചൊല്ലിയാട്ടം ജനരസകരമാ-
യിട്ടു തീരേണമെങ്കിൽ
ത്വൽപ്പാദം പിൻതുണച്ചീടണമിവിടെ
നടസ്വാമിതൻ വാമമെയ്യേ! ൩൭

ശിഷ്യന്മാരെൻ കിരാതേശ്വരി! സഹജകൃപാ-
ശക്തിയാലാത്മഭക്ത-
ന്നിഷ്ടം നൽകുന്നതിങ്കൽ 'ത്വരിത' ഭവതിയെ-
ന്നോർത്തു പോരുന്നു പണ്ടേ;
കഷ്ടം! നീയാലിലയ്ക്കൊപ്പിച്ചു പൊഴുതു; ഭവൽ-
സേവ ചെയ്യുന്നൊരീയെൻ-
കഷ്ടപ്പാടൊന്നകറ്റാൻ ത്വര മനസി
നിനക്കില്ലയല്ലോ തരിമ്പും!! ൩൮

൬൩. താപശമനപ്രാർത്ഥനം.—

കുന്നായ്പ്പൊക്കിട്ടു പോർകൊങ്കകളുപരി വഹി-
ച്ചീടുവാൻ തക്ക കെൽപ്പു-
ണ്ടെന്നാലും ദേവി! നിൻ നെഞ്ചഹഹ!

Digitized By Kerala Sahitya Akademi

*പുത്തനാം വെണ്ണയാണെന്നു കേൾപ്പൂ;
എന്നാൽ, വാവിട്ടുകേഴും മമ കട്ടുകദന-
ത്തീയത്തിൽ തട്ടിയിട്ടി-
ല്ലെന്നാണെൻപക്ഷം, മണ്ടെങ്കിലങ്ങുരുകി-
യലിഞ്ഞീടുവാൻ ഞായമില്ലേ? ൯

പായൽക്കൂട്ടം പണിഞ്ഞീടിന തലമുടിയിൽ
തിങ്കളിൻകീറു ചാർത്തി-
ത്തോയം ചൂടുന്ന പോറ്റിയ്ക്കുടയ തിരുവുടൽ-
പ്പാതിയായപ്പൊൽക്കവോളേ!
നീയല്പന്നേരമുള്ളിൽ കുടിയരുളുകിലാ-
ത്താപമെല്ലാമടങ്ങി-
പ്പോയത്യന്തം തണുപ്പാമടിയനു
കുളിർകുന്നിൻെറ കുഞ്ഞോമലാളേ! ൧൦

പാമ്പാമാഹാരമേന്തീടിന തരുണകലാ-
പാഞ്ചിതൻ നീലകണ്ഠൻ
താൻ പാർത്തൻപോടു തത്തുംപടി
വടിവിലെഴും കാളി, കാളായവണ്ണേ!
"ഞാൻ പാരം ചുററി മറ്റില്ലൊരു ശരണവു"-
മെന്നുഗ്രതാപത്തോടെന്നും-
ക്കാമ്പാം വേഴാമ്പലെന്നും തവ പുത്തു-
കരുണാവൃഷ്ടിയേക്കാത്തിരിപ്പൂ! ൧൧

*('ഹൈയംഗവീനഹൃദയാ'—ലളിതാത്രിശതി)

Digitized By Kerala Sahitya Akademi

൧൭. കാരുണ്യാംശംസ—

ഒന്നിൽ ചിലപാനമാണ്ടുഗ്രതയുടയ
തപം ചെയ്തോരസ്സാംബതാത-
നന്നിഷ്ടപ്പെട്ടതൊട്ടുക്കമിതകരുണനാം
നിൻപ്രിയൻ നല്കിയല്ലോ;
എന്നിട്ടും തൃപ്തിയാകാഞ്ഞവന പല വരം
വീണ്ടുമേകീടിനാരം നീ;-
യൊന്നിയ്യെങ്കൽ പ്രയോഗിച്ചതാകും പെരിയൊരാ-
ബ്ഭക്തവാത്സല്യമമ്മേ! ൨൭

ബാണൻതൻ കോട്ട കാത്തു ഭഗവതി! ഭുവനാ-
ധീശനാം നിൻമണാളൻ;
ബാണം വഷിച്ചു മെയ്കൂടിയ ശൌചപട്ടവും
ഫല്ഗുനന്നിഷ്ടമേകീ;
വേണം തൻഭക്തരോടിത്രയുമകമലിവ-
ങ്ങെങ്കിൽ, നിൻഭക്തനാമെൻ-
ത്രാണത്തിന്നെന്തമാന്തം തവ? സതി പതിസാ-
ധർമ്മ്യമേല്ക്കേണ്ടതല്ലോ? ൨൮

ഭൂവിൽ കഷ്ടപ്പെടാൻ മേ തലയിൽ വിധി
വരച്ചിട്ട വർണ്ണങ്ങളും മായ്ക്കാ-
നാവില്ലങ്ങേക്കിലെന്നിങ്ങൊന ഭഗവതി
നടിച്ചീടിലാർ വിശ്വസിക്കും?
ദേവി, തപദ്യോഗമാത്രാൽ പ്രഭുത
കലങ്കമാശ്ശുംഭതാനല്ലയോ,പ-

Digitized By Kerala Sahitya Akademi

ണ്ടാവിർഭാവാൻ തൻ ശിരസ്സും കരനഖശിഖരം-
കൊണ്ടു നുള്ളിക്കളഞ്ഞു !! ൨൮

൧൮. രോഗശമനപ്രാർത്ഥനം—

മാലയ്യയ്യോ, സഹിയ്ക്കാഞ്ഞുടലവതിപെട്ടു-
ഴറുന്ന നഞ്ഞുണ്ട സാക്ഷാൽ
ശ്ശൂലക്കാരന്നു ഘോരാന്തനരുജയകലെ-
പ്പോക്കിയോഷ്ഠാമൃതത്താൽ,
കാലധ്വംസത്തിനും കെല്പരുളിയ വിളികൊ-
ണ്ടൊരു വൈദ്യത്തിയാം നീ
മൂലത്തോടേ മുടിയ്ക്കൂൻ ഗദനിരമഴവൻ
മുഖ്യയോഗാധിനാഥേ !! ൨൯

ആലംബം വൻപനിയ്ക്കപ്പൊഴുതിലു-
മയി, നിൻതാതു; നാമട്ടു കാന്തൻ
ശ്ശൂലക്കാരൻ; കിടാവാം കരിമുഖനു തല-
യ്ക്കുണ്ടു നീരാവതോളം;
കാലംതോറും ഭവത്സേവനകരനിവനോ,
കർണ്ണരോഗാർത്ത, നെന്താ-
ണാലസ്യം തീർക്കുമമ്മേ, ഫലമിഹ
ഭവതീയർക്കു, രോഗാപ്തിയെന്നോ? ൩൦

പണ്ടന്നോ 'കാളി'യെന്നായ്പ്പതി കളിയിൽ
വിളിച്ചോരു നീ വാച്ച നാണം-
കൊണ്ടങ്ങോപോയ് തപംചെയ്തുടലിനുടെ
നിറം മാററിനാളെന്നു കേൾപ്പൂ;

Digitized By Kerala Sahitya Akademi

കണ്ടെന്നെക്കാര്യമായ്ത്താ“നൊരുചെകിടനിതെ”
ന്നേവരും ഗൗരി, ചൊല്ലാ-
റുണ്ടെ,ന്തിക്കഷ്ടമോർക്കാത്തതു? തവ പദസം-
സേവി നിർല്ലജ്ജനാണോ? ൈ

൧൯. സമ്പൽപ്രാർത്ഥനം—

പള്ളികൈവില്ലു പൊൻക,ന്നലർമകരംപതിയാ-
മമ്പു, തോഴൻ ധനേശൻ,
വെള്ളിക്കുന്നായ വീ,ടിപ്പുരമകരം കലശം-
പോററിതൻ കെട്ടിലമ്മേ!
കൊള്ളിച്ചാലെന്തു തൃക്കണ്ണിടയനി,-
ലവിടെയ്ക്കിഷ്ടയാം ദാസിയായ്പ്പാ-
ർപ്പുള്ളി ശ്രീദേവി പോന്നെൻ പുരയി-
ലധിവസിയ്ക്കേണ്ടിവന്നേയ്ക്കുമെന്നോ? വെ

൨൦. കവിതാശംസ—

നല്ലന്തസ്സോടു വെള്ളിത്തിരുമലയിലെഴും
രാജമൗലിപ്രിയേ! നിൻ-
ചെല്ലത്തൃക്കാൽക്കലീയെൻ ചെറുകവിത
കുറച്ചല്ല സേവിച്ചു നില്പൂ;
ഇല്ലല്ലോ വൃത്തങ്ങളാദികളിതി, നതുതാ-
നോർത്തു വല്ലെങ്കിലും നീ
തെല്ലർത്ഥാലങ്കൃതിക്കോപ്പുകളിതിനു കൊടു-
ത്തേയ്ക്കു സമ്മാനമായി! ൻ

Digitized By Kerala Sahitya Akademi

സൗമംഗല്യാഭിവൃദ്ധിയ്ക്കമരസുമുഖിമാർ,
തന്മുടിക്കെട്ടിൽ നിന്നും
ശ്രീമന്ദാരപ്രസൂനാവലിയുടെ പുതുതേൻ-
കൊണ്ടു പുണ്യാഭിഷേകം
നേമം തെറ്റാതെ ചെയ്യും പ്രകൃതിമധുരമാം
നിൻപദത്തോടു ചേർത്തി-
ട്ടീമദ്ഭാഗ്യത്തിന്നിണക്കീടണമമൃതതനോ!
മഞ്ജുമാധുര്യസാരം!! ൸൦

൸൧. മൃത്യുഭയനിവേദനം—

(വൈഷ്ണവി)

കയ്യിൽ, കല്പാന്തകാലോദിതഭാനുകരരെ-
ക്കൊണ്ടു പാദപ്രണാമം
ചെയ്യിയ്ക്കും രശ്മിയാൽ ദൂരിതദിതിജതമ-
ശ്ചക്രമാം ചക്രമേന്തി,
മെയ്യിൽ ചേർത്തോരുദാരദ്യുതിയൊടു
ഗരുഡൻതൻപുറത്തേറിയേവം
നിയ്യിന്നൻപോടു നാരായണി! നരകഭയം
നീക്കി രക്ഷിയ്ക്കുകെന്നെ!! ൸൧

കാലച്ഛദ്മപ്രദേശം ചിയെത്തുകടെമിഴിയടിഗാ-
ലുരം പകപ്പിച്ചു, വൻതൻ-
കോലം വീതിച്ചെട്ടുത്തീടിന തിരുതിയല്ലു-
ന്നോഷധീശാവതംസേ!

Digitized By Kerala Sahitya Akademi

ആലസ്യക്കാരനാമെൻ മരണഭയമൊഴി-
ഞ്ഞീടുവാനാക്കൊഴിഞ്ഞി-
ല്ലാലംബം ഭൂരിദിവ്യൗഷധിനിരയിടതി-
ങ്ങുന്ന കുന്നിന്റെ കുഞ്ഞേ! ൮൨

കാലൻ കാലായസാത്യുൽകടമുസലവുമായ്-
ക്കാണികൾക്കും നടുങ്ങും-
കോലം കോലുന്ന ക്രൂരാളികളൊടുമൊരുമി-
ച്ചാർത്തടുത്തെത്തിടുമ്പോൾ,
കാലച്ചെന്തീക്കനൽച്ചാർത്തെതിർമുനയൊടു
നിൻ കൈത്തലത്തിൽത്തിളങ്ങും
ശൂലം താനാണു മാഹേശ്വരി! ശരണമെനി-
യ്ക്കമ്പ് ഭയപ്പാടൊഴിപ്പാൻ. ൮൩

൨൨. വൈരാഗ്യാശംസ—

ഏതിൻ ബിന്ദുക്കളേറ്റിട്ടരഞൊടിയിടയാൽ,
പാരിനത്താപമേകും
ഹേതിപ്രാന്തം വഹിച്ചാളിന ഖഗപടല-
ക്കാട്ടുതീ കെട്ടടങ്ങീ
ഖ്യാതിപ്പെട്ടാശ്ശുഭാംഭസ്സിയലിന കനക-
ക്കിണ്ണി കൈക്കൊണ്ടെഴും നീ
മാൽതിങ്ങും തൃഷ്ണ മാററിത്തരണം; മതി നിതാം,-
ബ്രാഹ്മി, മേന്മേൽ തൊഴുന്നേൻ! ൮൪

വാരാന്നിന്ദ്രാണി, വെള്ളിഗ്ഗിരിയൊടു പടവെ-
ട്ടുന്ന വെള്ളാനതന്മേ-

Digitized By Kerala Sahitya Akademi

ലീടാളും വജ്രമേന്തിത്തെളിവൊടരുളിടും
നീ മനസ്സാന്ദ്ര വെച്ചാൽ,
മാടായുള്ളോരെനിയ്ക്കും ദൃഢമൊരു വിഷയ-
ത്തിങ്കലും പക്ഷപാതം
തേടാതിങ്ങപ്രകമ്പസ്ഥിതിയിലമരുവാൻ
കൈവരും ദൈവയോഗം. ൮൫

ലോകാപന്മൂലമാമീ വിഷയവിഷമക-
ത്താകയാലേ, പറഞ്ഞാൽ–
ത്തീരാത്താതങ്കമാളുന്നിവരു ശരണമാ-
യിട്ടു മററില്ലൊരാളും;
നീ രാജൽപ്പുഞ്ചിരിപ്പാലൊടുമരിയ
നിജാപാങ്ഗജീമൂതമേകി *
പ്പാരാതെന്നേപ്പൊരുപ്പിയ്ക്കുക പരുഷവിഷ-
പ്ലാരനപ്രാണനാഥേ! ൮൬

വേഗം വാരാഷി! സന്മാഗ്ഗഗരഖിലരുമേ
വൻപ്പുവെറുപ്പാർന്നിടുംമാ-
റാഗസ്സാരേപാളമാഴ്ജിച്ചുരപെരിയ
ഹിരണ്യാക്ഷദൈത്യൻ കണക്കേ,
പ്രാഗല്ഭ്യാലൻമനോഭൂമിയെ വിപുല-
വിഷാദാബ്ധിയിൽ താഴ്ത്തി മുക്കും
രാഗത്തെ ധ്വാസനാചെയ്തലിവാ-
-ടിതിനെയൊന്നുദ്ധരിയ്ക്കണമേ നീ! ൮൭

---

* ജീമൂതം–മേഘം, ദേവതാളിയെന്നും. "ജീമൂതമൂലം ക്ഷീരേണ പാതവ്യം ഓരുണേ വിഷേ"—ഗാരുഡസിദ്ധാന്തം.

Digitized By Kerala Sahitya Akademi

താരാളിപ്പൊൻമണിക്കോപ്പുടയ ഗഗനമാം
    നീലമേലാപ്പിണങ്ങും
പാരാം കേളീഗൃഹത്തിൽ, പ്രകൃതിയുടെ
    യഥായോഗ്യശുശ്രൂഷയേററും,
സ്ഫാരാനന്ദേന മെയ്യിൽ പുളകമിളകിയും
    നിൻ പ്രസാദോദയത്താൽ
വൈരാഗ്യശ്രീവിഹാരോത്സവമൊടു
    വിളയാടുന്നതെന്നംബികേ ഞാൻ? ൨൨

൨൩. മനസ്സാന്നിദ്ധ്യാശംസ—

പാലിൻമട്ടാം ചിലപ്പോൾ, പട്ടപവിഴനിറം
    പൂണ്ടിരിക്കും ചിലപ്പോൾ,
നീലിച്ചാകും ചിലപ്പോൾ ത്രിഗുണമയി! ഭവ-
    ദ്രൂപമെന്നുണ്ടു കേൾപ്പൂ;
ചേലിൽ ജ്ഞാനോന്നതിക്കോ, ധനദനില
    വരാൻ വേണ്ടിയോ, വൈരിബാധാ-
മാലിന്യം മാറുവാനോ മമ മനമതിലൊ-
    ന്നോർക്കമാറാകണമോ നീ? ൨൩

ഝല്ലല്ലോം ഭാസനാമെങ്കലൊരലിവവിടേ,-
    ച്ചൂകയാലന്ന കക്കാ-
ബല്ല്യൽ ഗതിയേററരക്കിൻകിടയിലുരുകുമാ-
    റുള്ള ഘട്ടത്തിലെല്ലാം,
തെല്ലല്ലാവുന്നമട്ടൊക്കെയുമടിയനതിൽ
    ചേർത്തമർത്തീടുമമ്മേ!

Digitized By Kerala Sahitya Akademi

ഫുല്ലശ്രീപൂണ്ട നിൻതൃപ്പദമിവിടെയുറ-
    യ്ക്കുന്നതി,ല്ലെന്തു ചെയ്യാം! ൩൦

അച്ഛൻ നിശ്ശേഷരത്നോൽക്കരവിളനിലമാം-
    മാമലത്തമ്പുരാനാ-
ണച്ഛന്നസ്നേഹസമ്പത്തുടയ സഹജനോ
    ലക്ഷ്മിതൻ പ്രാണനാഥൻ;
സ്വച്ഛൻ ഭർത്താവു വിത്താധിപസഖ; നിത്യമ-
    ട്ടുള്ളോരങ്ങേയ്ക്കു ഞാനെ-
ന്തിച്ഛയ്ക്കൊത്തൊന്നു നൽകേണ്ടതു? മമ കരം താൻ
    ദേവി! നിൻകാല്ക്കൽ വെയ്ക്കാം. ൩൧

ദേവി! ത്വൽപ്രാഭവത്തെസ്സുരയുവതി-
    കദംബങ്ങൾ പാടും കദംബ-
ക്കാവിൽ, കാദംബരീനിർമ്മിതമധുര-
    മദാരഞ്ജിതാപാംഗിയായ്,
സേവിപ്പോർക്കുൾക്കുളിർക്കെദ്ദിശി ദിശി
    മുഖകർപ്പൂരതാംബൂലഗന്ധം
തൂവിബ്ഭംഗ്യാ വിളങ്ങും തവ തിരുവുടലെ-
    ന്നെന്നുമോർക്കുന്നവൻ ഞാൻ. ൩൨

പാശം പദ്മം കരിമ്പങ്കുശമിവയണിയും
    നാലു തൃക്കൈക്കുരുന്നാ-
ലാശയ്ക്കൊത്താശ്രിതന്മാർക്കു ചതുഷ്പുരുഷാ-
    ർത്ഥങ്ങൾ നാലും കൊടുത്തും,

Digitized By Kerala Sahitya Akademi

കാൽശ്രീ പൂണ്ട കാമേശ്വരനിരുവിധമാം
രാഗമാരക്തകാന്തി-
പ്രാശസ്ത്യത്താലണച്ചും വിലസിന തിരു-
മെയ്യൊന്നമനം വാഴ്കമ്മേ! ൪൩

വൻപാശം തൃഷ്ണയോടേ മദലഹരി പിടിച്ചിങ്ങു
മേല്ക്കീഴ് നോക്കാ-
തെവ്വാട്ടം പായുമെന്മാനസകരിയെ
നിരോധിച്ചുനിർത്തി, ക്രമത്താൽ
നിൻ പാട്ടിൽത്താൻ തളച്ചാമധുരരസ-
മശിപ്പിച്ചു തുഷ്ടിപ്പെടുത്താ-
നൻപാർന്നീടണമമ്പും, കരധൃതസൃണി-
പാശേക്ഷുചാപേശമഹോ! നീ. ൪൪

൨൪. ധ്യാനപ്രാർത്ഥനം—

നന്ദൽഭൃംഗങ്ങളം തിങ്ങും നവപരിമളമാം
മാല തൃക്കയ്യിൽ വെച്ചും,
മന്ദസ്മേരാനനേന്ദുദ്യുതിയിൽ മുഴുകിടും
മഞ്ജുമന്ദാക്ഷമാന്നും,
കന്ദർപ്പാരാതിതന്നെസ്സരസമുടസി
വരിച്ചീടുവാ,നങ്ങു മന്ദം
മന്ദം ചെന്നെത്തിടും നിൻമധുരതനു
മറക്കായ്ക, മന്ത്രാത്മികേ! ഞാൻ!! ൪൫

൨൫ ആനന്ദനൃത്തപ്രാർത്ഥനം—

എൻനാവൃത്തതിലങ്ങയ്ക്കുടയൊരു
തിരുനാമങ്ങൾ പാടും പിഴയ്ക്കാ,-

Digitized By Kerala Sahitya Akademi

തെൻനാനാദുഃഖജാലം സപദി പൊറുതി മു-
ട്ടാകയാൽ 'ചെണ്ടകൊട്ടും';
എന്നാൽ, മായത്തിരശ്ശീലയിലിഹ മറയാ-
തെൻമനസ്സാമരങ്ങ-
ത്തിന്നാനന്ദത്തോടാട്ടം തുടരുക,
ചുടലക്കൂത്തുകാരന്റെ ഭാര്യേ! ൯൩

കേറാനെന്തേ മടിയ്ക്കുന്നിതു മമ കരളിൽ?
കാമലോഭാദിയാകും
ചേറാണി,ങ്ങൂന്നി വെച്ചീടിലുമടി വഴുതി-
ത്തെറ്റി വീണേയ്ക്കുമെന്നോ?
കൂറാളും നീ വിചാരിയ്ക്കുകിലിഹ
ചളികൊണ്ടുള്ള കേടാകമാനം
മാറാനുണ്ടോ ഞെരുക്കം? മകുടജിത-
ലസൽകോടിസൂര്യപ്രകാശേ! ൯൪

കാടാണെന്നന്തരംഗം, കറ ദുര മുതലാം
ദുഷ്ടജന്തുക്കളെന്തും
കൂടാതിങ്ങുണ്ടു കൂട്ടം കൂട്ടുകമൊട്ടു
കളിത്താർത്തു കൂത്താടിടുന്നു;
വാടാതിങ്ങോട്ടു വന്നാൽ പകലിരവിവിടെ-
പ്പുള്ളിനായാട്ടുമായി-
ക്കൂടാമങ്ങേയ്ക്കു, കൂടാദിമശബരശരീ-
രാഢ്യമാം കുന്നിൽമാതേ! ൯൫

Digitized By Kerala Sahitya Akademi

൨൬. ഭക്ത്യാശംസ—

ഹ്രീങ്കാരക്ഷീരവാരാന്നിധിപരമസുധേ!
    പാണിചഞ്ചൽകൃപാണീ-
ഭാങ്കാരത്രാസിതാഖണ്ഡലദ്വിമതകുലേ!
    വിശ്വവല്ലിയ്ക്കുവേരേ!
ഞാൻ കാലിൽ കൂപ്പിടുന്നേൻ,
    യതിഹൃദയമിളിന്ദാളി മേളിയ്ക്കുമോമൽ-
പ്പൂങ്കാവേ! നിൻറപേരിൽ ബ്ഭഗവതി!
    ലളിതേ! ഭക്തി സിദ്ധിയ്ക്കണം മേ! ൯൯
ഊനംകൂടാതെ ഗോത്രാധിപകുലകലികേ!
    നിൻ പദപ്പൊൻതൊഴുത്താ-
ന്നാനന്ദപ്പാൽ ചുരത്തുംപടി മരുവിടുമെൻ-
    ഭക്തിയാം ഗോവുതന്നെ,
ന്നൂനം പാലിച്ചിടേണ്ടും വൃമതലയിവിടേ-
    യ്ക്കുള്ളതാ,-ണീ പ്രപഞ്ച-
സ്ഥാനം പുല്ലാണെനിയ്ക്കൊന്നൊരുനിലവരികിൽ,
    പിന്നെ ഞാൻ ധന്യനായി! ൧൦൦
അപ്പൻ തൂമഞ്ഞണിക്കുന്നഹഹ! സഹജനോ,
    കാലിമേയ്ക്കുന്ന വിദ്വാ,-
നപ്പുന്നം പിച്ചതെണ്ടും വിഗ്ഗുണനൊരു പുമാ-
    നല്ലയോ വല്ലഭൻ തേ?
സച്ഛന്ദം സേവചെയ്യുന്നടിയനു കനിവോ-
    ടെന്തു തന്നീടുമമ്മേ,-
ന്നിച്ഛയ്ക്കൊക്കുംപ്രകാരം? മമ തരിക ഭവദ്-
    ഭക്തിതാനന്ത്യദാരേ! ൧൦൧

Digitized By Kerala Sahitya Akademi

ജ്ഞാനം ധാരാളമാജ്ജിക്കിലു,മഘഹരമാം
സർവ്വതീർത്ഥത്തിലും പോയ്
സ്നാനംചെയ്താലു,മയ്യായിരമഗതികളെ
പ്രത്യഹം പോറ്റിയാലും,
ധ്യാനം മുട്ടാതനുഷ്ഠിയ്ക്കിലു,മരിയ ഭേദ്-
ഭക്തിയൊന്നില്ലയെന്നാൽ
സാനന്ദം സാദ്ധ്യമാമോ ദ്രവിഡശിശുവര-
സ്തന്യദേ! ധന്യഭാവം? ൧൦൧

ചാരം, വെള്ളം, കരിത്തോൽ, മഴവെരുതിവയു-
ണ്ടെപ്പൊഴും ഭൂതജാലം
ചാരത്തുണ്ടീനിലയ്ക്കുള്ളൊരു പടുമലയൻ
കെട്ടിയോളായ തായേ!
സൈ്വരം ത്രൈലോക്യവിത്താം തിരുമിഴിയെ
വിതച്ചെന്മനസ്സാം നിലത്തി-
ന്നേരം ഭക്തിക്കൃഷിയ്ക്കായ്ത്തുടരുകി,തതിനി-
ജ്ജന്മി ചാർത്തിത്തരുന്നു! ൧൦൨

കാടാണെന്നുള്ളിതെന്നാകിലുമരിയഭേദ്-
ഭക്തിയാം വല്ലി തെല്ലും
വാടാതേ നില്ക്കുവാനും, പുനരൊരുപൊഴുതിൽ,
പൂത്തു കാച്ചീടുവാനും,
ചൂടാറ്റും നിൻകൃപാനീർനനയരുളി
നറുമ്പുഞ്ചിരിച്ചാരമല്പം
പോടാതൊക്കുന്നതല്ലെന്നാടിയനനുഭവം
വന്നു കുന്നിൻകിടാവേ! ൧൦൩

Digitized By Kerala Sahitya Akademi

ആനന്ദക്കണ്ണുനീരിൽ കനിവിനൊടു
കളിപ്പിച്ചു, മിച്ഛാനുകൂലം
ദാനം ചെയ്തും ഭുജിപ്പാൻ ഭുവനമധുരമാം
നിൻചരിത്രാമൃതത്തെ,
ജ്ഞാനം വെച്ചോഞ്ഞൊരിഞ്ഞാലനെ മഹിമയെഴും
ഭക്തി താൻതന്നെ മാതൃ-
സ്ഥാനം കൈക്കൊണ്ടിനിക്കെന്നൻ ഗൃഹജനനി!
സദാ പോറ്റി രക്ഷിച്ചിടട്ടേ! ൨൦൮

൨൧. നിത്യനമസ്കാരം—

ഓമൽക്കൊങ്കകളിർപ്പൂങ്കുലകളുടെ
കനംകൊണ്ടു തെല്ലൊന്നു ചാഞ്ഞും,
ശ്രീമങ്ങാത്തുള്ള ശാഖാഭുജകരളോടധര-
ച്ചെന്തളിർച്ചന്തമാർന്നും,
കാമം ഭക്തർക്കു നല്കാൻ തുഹിനഗിരിജയായ്,
സ്ഥാണുവിൽ ചുറ്റി, മിന്നു-
ന്നാ മന്ദാരക്കൊടിയ്ക്കക്ഷയസുകൃതഫല-
പ്രേപ്സു ഞാൻ കൂപ്പിടുന്നേൻ!! ൨൦൯

40559

Digitized By Kerala Sahitya Akademi

ന്വ .

ഏനസ്സ്‌കന്ന മുനിവര്യരുറപ്പുകൂട്ടം
ധ്യാനത്തിൽ നോക്കിയറിയും ഗഹനസ്വരൂപേ!
ജ്ഞാനങ്ങൾതൻ നിലയമേ! നിരപായസച്ചി-
ദാനന്ദദാത്രി! കവിതേ! തുണചെയ്യുകമ്മേ!

Digitized By Kerala Sahitya Akademi

# പദ്യാനുക്രമണി


| | പുറം |
|---|---|
| അങ്കത്തിലന്തകനെ | 21 |
| അച്ഛൻ ഭൂമഞ്ഞണിക്ക | 59 |
| അച്ഛൻ നിഃശ്ശേഷരാതോത് | 56 |
| അന്നാളികാസ്രുനെ | 21 |
| അല്ലൽപ്പാടാളകൾക്കേകിയ | 28 |
| ആകല്പം മധ്യമൃദ്യന്മണി | 41 |
| ആട്ടം സന്ധ്യയ്ക്കനുഷ്ഠിപ്പവ | 25 |
| ആതങ്കം കൈവളത്തും | 36 |
| ആനന്ദക്കണ്ണുനീരിൽ | 61 |
| ആനത്തോൽമുണ്ടുടുക്കുന്ന | 35 |
| ആ മട്ടാഹവരംഗ | 9 |
| ആരക്താഭം രജസ്സാകിയ | 27 |
| ആരും വാഴ്ത്തുന്ന മേധാ | 8 |
| ആ ലങ്കാതോരണത്തിൻ | 7 |
| ആലംബം വൻപനി | 50 |
| ഇന്നേരമൊന്നുകിൽ | 19 |
| ഇപ്പാരാം നാട്യരംഗത്തെ | 47 |
| ഇമ്പം നൽകിന ശംഭുവിൻ | 15 |
| ഇല്ലല്ലോ ഭാസനാമെങ്കൽ | 55 |
| ഇല്ലാമേ വേർതിരിച്ചുള്ള | 45 |
| ഇളമതിയണിമൌലി | 14 |
| ഉങ്കാളമൂർക്കുളമൊടി | 21 |
| ഉമയുടെ കഴൽവിരൽ | 13 |
| ഉല്ലാസം നിൻ വചനങ്ങളുരു | 39 |
| ഉൾത്തിങ്ങും കുതുകന | 10 |
| ഊക്കാനെടുത്തോരു | 12 |
| ഊനം കൂടാതെ ഗോത്രാധിപ | 59 |
| ഋജുവാം മലമങ്കതൻ | 13 |
| എൻ കാലദോഷമൊഴിവാൻ | 22 |
| എൻ നാവുച്ചത്തിലങ്ങുച്ചു | 57 |
| എന്നെബ്ഭരിച്ചിടുക | 20 |
| എല്ലാലോകങ്ങളും തീർത്ത | 32 |
| ഏതിൻബിന്ദുക്കളേററിട്ടര | 53 |
| ഏനസ്സകന്ന മുനിവര്യ | 62 |
| ഒന്നിൽ ചിലപ്പാനമാണ്ടുഗ്രത | 49 |
| ഒരു മദനവിരോധി | 14 |
| ഓങ്കാരസാരമയി! | 22 |
| ഓങ്കാരാംബുജമരന്ദമേ! | 3 |
| ഓമൽക്കൊങ്കകളിൽ | 61 |
| ഓരോ വിചാരമകമേ | 19 |
| കങ്കേളിബാണനൊടെ | 22 |
| കച്ചയ്ക്കില്ലാഞ്ഞു തോലാമുടു | 35 |
| കയ്യിൽ കല്പാന്തകാലോചിത | 52 |
| കരിമുഖനാം ശ്രീ | 10 |
| കാടാണെന്നന്തരംഗം | 58 |
| കാടാണെന്നുള്ളിതെന്നാകിലു | 60 |
| കാദംബിനീസമകളേബര | 15 |
| കാമക്രോധാദിയാരോഗണ | 40 |
| കാമക്ഷോദമോദയാഡംബര | 29 |
| കാലൻ കാലായസാത്ത്യൽ | 53 |
| കാലപ്രദേപഷിയേ | 52 |
| കാലേ കാകുൽസ്ഥമേവ | 7 |
| കാളിദാസവമനേ നടമാടും | 16 |
| കില്ലെന്ന്യേ നിന്റെ | 45 |
| കില്ലെന്ന്യേ ബാഹുനാളം | 45 |
| കുട്ടിക്കാലം കളിച്ചുള്ളതിന്നു | 11 |
| കുന്നായ്പ്പോരിട്ടു പോർ | 47 |
| കുളിർമലയിലുദിച്ചു | 14 |
| കുത്താടിക്കാസരത്തിൻ | 43 |
| കുന്തങ്ങൾക്കൊപ്പം സ്വവക്ഷ | 24 |


Digitized By Kerala Sahitya Akademi

കേറാനെന്തേ മടിയ്ക്കുന്നിതു 58
കൌമാരിപ്പേരോടേമന്മയി 46
ഗതനായി തപസ്വി 16
ഗുരുവരന 9
ഗൌരി! ത്വദീയചരണ 20
ഘോരാപന്മൂലമാമി 54
ഛാരം വെള്ളം കലർത്താൽ 60
ചേതംവണ്ണം നടത്താനൊരു 6
ചേറാണ്ടുള്ള കൃഷീവലൻറെ 17
ജടയല്ലികളിൽ ഗംഗ ശയാം 12
ജ്ഞാനം ധാരാളമാർജ്ജിയ്ക്കില്ല 60
ടങ്കം ഉടന്നിവ പേർത്തിച്ചു 21
ണാന്തം നിൻ തിരുനാമ 5
തങ്കക്ഷമാധരനെട്ടം 22
തവ വരുതിയിൽ നില്ക്കു 15
താരാളിപ്പൊൻമണിക്കാ 55
താളുരാൽക്കണ്ടു തായാടിട്ടും 25
തിങ്കൾക്കിരീടനുടെ 21
തിരുകരത്തിലിളങ്കിളി 15
തുള്ളിച്ചാടുന്ന കണ്ണുവരുടെ 24
തുമത്തെപ്പുട്ടുപാലാം 9
ദാരിദ്ര്യം പ്രാജ്ഞനാകുന്നിതു 30
ദാരിദ്ര്യദാരിണി! ശിവ! 20
ദൈവതമെന്തിനു 2
ദേവി! ത്വൽപ്രാഭവത്തെ 56
ധീരം പോരാട്ടമാം വന്മഹിഷ 39
ധീരപ്രജ്ഞയദേശ 17
നന്ദനൻറ നന്ദന! 2
നന്നായിട്ടു മജ്ജിക്കിൽ 3
നല്ലന്തസ്സോടു വെള്ളിത്തിരു 51
നാനാസൃഷ്ടിയ്ക്കു കല്പിപ്പിതു 31
നാകാമന്നായപ്പെരുംപൊയ്ക 26
നാൾതോറും 4
നിവിപത്തിലതൊരു 20
നിർമ്മതസരാശയ 3
നേരാംബ്ബാക്കിന്നുവേണ്ടിപ്പല 46
നേരായ്ത്തത്ത്വമസ്യാദിമ 31
നേരെത്താതത്സന്ധവത്താൽ 38
പട്ടും തോലും പറവം 42
പണ്ടെന്നോ കാളിയെന്നായി 50
പള്ളി കൈവില്ലു 51
പന മലയുടെ പൈതൽ 14
പാമ്പാമാഹാരമന്ത്ടിന 48
പായൽക്കൂട്ടം 48
പാറാം പാരാകെ വേണ്ടും 31
പാരാം പാപികളെല്ലാം 41
പാരിൽ സർവ്വജനാവലിയ്ക്കും 16
പാരെല്ലാറിന്നുമൻപാദന 30
പാലാഴിപ്പെണ്ണുമാം വാണിയും 23
പാലാഴിപ്പെണ്മണാളൻ 42
പാലിൻമട്ടാം ചിലാപ്പും 55
പാശം പത്മം കരിമ്പങ്കശ 56
പീനാമോദേന വാണീ 30
പുള്ളിക്കരംഗനയനേ! 19
പോരാലിൻ തായയെ 11
പ്രണയേഷ്യകളിൽ പ്രിയം 13
പ്രിയംപ്രണാമമേ ശശി 12
പ്രേമത്താൽ നീലകണ്ഠോ 36
ബാണൻ തൻ കോട്ട കാത്തു 49
ബ്രഹ്മാദിത്രീശ്വരർക്കും 33
ഭീമ പ്രാഭൃത്യമായുധ 28
ഭീമാഭോഗം വിഷംകൊററിന 41
ഭുവനാത്സവത്തിനശിവെന്നാ 16
ഭ്രൂവിൽ കഷ്ടപ്പെടാൻ മേ 49
മടി തന്നിലൊളിച്ചിരിക്ക 13
മലരണിമൃദുവേണി! 15

Digitized By Kerala Sahitya Akademi

മസ്താധിരോപിത 2
മാങ്കണ്ണാർതൻ മിഴി 23
മാടാണാവാസവും 10
മാലന്യേനാരമാറിഞ്ഞളമിതും 44
മാലസ്യസ്യാ സഹിക്കാഞ്ഞു 50
മുക്കണ്ണാത്തഞ്ജുമട്ടാകിയ 34
മെയ്യ്ക്കൊപ്പം പാരെവാ 11
മൈനാകം കൃഷ്ണനെന്നി 37
മോദം പൂണ്ടാദിതേയത്തമ 25
മോഹം ചേതസി വിശ 4
യക്ഷാധീശാവപട്ടമോ 5
യന്താവാണലകത്തിനാ 5
യന്താവു തൻ വടിവെട്ടത്ത 2
യാദസ്തോമം തിമിക്കം 36
രാജാവിന്നമകിഞ്ചന 4
ലളിതതരലാവണ്യ 18
ലാവണ്യാവാസഭൂവാം 23
ലാളിത്യം ഹന്ത! ലോകോ 38
ലീലാപൂർവ്വം ബലായാദിധ 27
ലോകാദിവ്യാപ്തയാം നീ 44
വൻകാളക്കൂടവിഷനീർ 21
വന്നിട്ടു നിന്നരികിലേറെ 19
വൻപാളം തൃഷ്ണയാടേ 57
വള്ളിക്കഴക്ക പറവാൻ 20
വലമഥനവധൂടിമാർ 14
വല്ലാതജ്ഞാനമെന്നുള്ളാത 40
വള്ളത്തോൾക്കൊന്നുമേനോൻ 6
വാടാതിന്ദ്രാണി, വെള്ളിഗ്ഗിരി 63
വാതാലയേശ! 2
വാനത്തെഗ്ഗംഗയെത്തൻ 43
വാമാക്ഷിമാരിടയ 1
വിജയിച്ചരുളുവു പ്രിയം 12
വീതാബാധം വിരാധിവ്രജ 26
വൃക്ഷം തോറും മദം പൂണ്ടളി 7
വേഗം വാരാഹി സമ്പർഗ്ഗ 54
വേദം നാലും കവന്നീടിന 39
വേറിട്ടിടാതരിയ പിച്ച 19
വൈമുഖ്യം സർവ്വകൃത്യത്തിലും 46
വ്യാമം കത്തിളുളയ്ക്കും 33
ശിവാമുഖാബ്ജ പ്രതിബിംബ 13
ശിഷ്ടന്മാരെൻ കിരാതശബരി! 47
ശോകാലമ്പറ 32
ശോണാകാരം നഖംത്തൊച്ചാടി 34
ശ്രീമത്തൃപ്പാദവും നിന്നുടെ 34
ശ്രീമൽസൂര്യന്ന ശിഷ്യൻ 8
ശ്രീവാസുദേവ 1
ശ്രീവിദ്യാമുക്തിനല്ലാർ 43
ശ്രീലാക്ഷാലിപ്തമാം നിൻ 27
ശ്രേയസ്സിൻ ജന്മഭൂമേ! 35
സങ്കല്പജല്പതിഭടസ്ഫുട 22
സന്നാഹം പൂണ്ടെതിർത്തെ 26
സാമർത്ഥ്യം മന്ത്രതന്ത്ര 6
സാരഗ്രന്ഥാക്ഷമാലാ 37
സാരം കണ്ടെത്തി മെല്ലെ 37
സാരസാസനനാദിയാം 17
സീതയ്ക്കുണ്ടായിരുന്നാ 8
സുവ്യക്തമായ്സ്സുരവരാനുജ! 1
സൌമംഗല്യംദിവ്യധൌമ്യമര 52
സൌരഭ്യപ്രൌഢി നേടാൻ 28
സ്ഫീതാഭോഗാലസംഖ്യം 33
സ്വാരാജ്യസ്ത്രീജനത്തിൻ 29
സ്വാലോകാലോകലതാം 32
ഝങ്കാരമിട്ടണയുമാശരർ 22
ഹ്രീങ്കാരക്ഷീരവാരാന്നിധി 59


Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# അനുമോദനപത്രം

പടാവി,
20—4—1951

സദയം അയച്ച പുസ്തകം കൈപ്പററി. നന്ദി. പ്രസ്തുത പുസ്തകത്തിൻെറ പ്രസാധനംകൊണ്ടു് കേരളത്തിലെ ഭക്തജനങ്ങൾക്കു് അതിമഹത്തായ ഒരു സേവനമാണു് താങ്കൾ ചെയ്തിരിക്കുന്നതു്. സഹൃദയലോകം, പ്രത്യേകിച്ചും പുതിയ തലമുറ, വള്ളത്തോളിനെ ഒരു മികച്ച സൗന്ദര്യാരാധകനായി മാത്രമാണറിയുന്നതു്. അദ്ദേഹം ഒരു തികഞ്ഞ സത്യാരാധകൻ_ഭക്തൻ-ആണെന്ന വസ്തുത പലക്കും അജ്ഞാതമായിരിക്കും. മഹാകവിയുടെ വ്യക്തിത്വത്തിലടങ്ങിയ ഈ രണ്ടു ഘടകവും ശരിക്കു മനസ്സിലാക്കുമ്പോൾ മാത്രമാണു് നാം അദ്ദേഹത്തെ പൂൎണ്ണമായും അറിയുന്നതു്. അതിന്നു് ഈ പുസ്തകം തികച്ചും പ്രയോജനപ്പെട്ടുന്നുണ്ടു്. ഭാവിയിൽ വള്ളത്തോളിനെ അപഗ്രഥിച്ചു പഠിപ്പാൻ മുതിരുന്ന സഹൃദയന്മാർ പ്രസ്തുതഗ്രന്ഥത്തിന്നു് അനല്പമായ പ്രാധാന്യം കല്പിക്കും. കലാഭംഗി തികഞ്ഞ ഇത്തരം സ്തോത്രങ്ങൾ മാസികാപത്രങ്ങളിൽ ഇനിയും എത്രയോ മറഞ്ഞുകിടക്കുന്നുണ്ടെന്നാണു് എൻെറ ഓൎമ്മ. പരിശ്രമോന്മുഖമായ താങ്കളുടെ തൂലിക എതദ്വിഷയകമായി ഇനിയും പുരോഗമിച്ചു കാണ്മാൻ ആശിക്കുന്നു.

നമസ്കാരപൂൎവ്വം
ഗോവിന്ദൻകുട്ടിനായർ
(ഒപ്പു്)

Digitized By Kerala Sahitya Akademi

*Copies can be had of:-*

VALLATHOLE GRANTHALAYAM,
Cheruthuruthi, Cochin State,
AND
ALLIANCE PRINTING WORKS,
Thaicaud Hospital Road,
Trivandrum.

Digitized By Kerala Sahitya Akademi

Printed at
THE ALLIANCE PRINTING WORKS,
Trivandrum.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi